കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# കുളക്കട ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-11/221/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി –12.4.19

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുളക്കട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുളക്കട ഗ്രാമപഞ്ചായത്ത് 2017-2018 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്തഖണ്ഡികകളുടെ പകർപ്പുസഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി11/221/19 തീയതി:12/4/19

കൊല്ലം ജില്ലയിലെ കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2017 - 2018 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 31.10.2017 മുതൽ 14.01.2019തീയതിവരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾമാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.പി.മാത്യൂറോയി<br>ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.01.2019 മുതൽ<br>31.01.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ബിജിവർഗ്ഗീസ്<br>ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീമതി.പ്രീത.എസ്.എസ്.<br>(ഓഡിറ്റ് ഓഫീസർ) |
| | അനിൽ .ആർ<br>(അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ) |
| | ശ്രീമതി.ജമീല ബീവി.എം.<br>(ഓഡിറ്റർ) |
| | ശ്രീമതി.സുനിത സെബാസ്റ്റ്യൻ<br>(ഓഡിറ്റർ) |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ജി.സരസ്വതി | 1.4.17 മുതൽ<br>31.3.18 വരെ |
| സെക്രട്ടറി | ശ്രീ.എം.മുരളീധരൻ<br>(വിരമിച്ചു.) | 1.4.17 മുതൽ<br>31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ.ബാബുകുമാർ .ആർ<br>(വിരമിച്ചു) | 01.04.2017 മുതൽ<br>31.5.2017 വരെ |
| | ശ്രീമതി.അമ്പിളി. ഒ | 01.06.2017 മുതൽ<br>16.06.2017 വരെ |
| | ശ്രീ.സുരേഷ്കുമാർ. ആർ | 17.06.2017 മുതൽ<br>31.03.2018 വരെ |
| അസി.എഞ്ചിനിയർ | ശ്രീമതി.അനിത.എസ് | 1.4.17 മുതൽ<br>31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.പുഷ്പാ ജോസഫ് | 1.4.17 മുതൽ<br>06.07.17 വരെ |
| | ശ്രീമതി.ചിത്ര | 06.07.17 മുതൽ<br>18.07.2017 വരെ |
| | ശ്രീ.ഗണേഷ് കുമാർ.പി | 19.07.2017 മുതൽ<br>31.03.2018 വരെ |
| | | |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.ബിന്നി ജോസഫ് | 1.4.17 മുതൽ 31.3.18 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.സുധീഷ് കുമാർ | 01.04.2017 മുതൽ 14.08.2017 വരെ |
| | ശ്രീമതി.മീര | 14.08.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.എം.ജയകുമാർ | 1.4.17 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ലക്ഷ്മി.എം | 01.04.2017 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | ഡോ.രാഹുൽ | 1.4.17 മുതൽ 31.05.2017 വരെ |
| | ഡോ.റാണാമോഡി | 01.06.2017 മുതൽ 18.08.2017 വരെ |
| | ഡോ.നിഷാകുമാരി | 18.08.2017 മുതൽ 25.02.2018 വരെ |
| | ഡോ.അഞ്ജു വിജയൻ | 26.02.2018 മുതൽ 31.03.2018 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി.സരള.എൽ. | 1.4.17 മുതൽ 31.3.18 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. വിനീത ബേബി ജേക്കബ് | 01.04.2017 മുതൽ 15.09.2017 വരെ |
| | ശ്രീമതി. ഇന്ദിര | 15.09.2017 മുതൽ 01.02.2017 വരെ |
| | ശ്രീമതി.ലാലി.റ്റി.എസ്. | 01.02.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ. | ശ്രീമതി.ബേബി.യു. | 1.4.17 മുതൽ 28.07.17 വരെ |
| | ശ്രീ.മുരളി. എം.പിള്ള | 29.07.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തികവിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | ഇ ടെൻഡറിംഗ് - ടെൻഡർ ഫോം വില തിരികെ ഈടാക്കിയിട്ടില്ല | 2-1 |
| 14 | തനത് ഫണ്ട് അക്കൗണ്ട് -വരവ് പിൻവലിക്കലുകൾ അപാകതകൾ | 2-2 |
| 15 | ഡെപ്പോസിറ്റ് തുക വാടകയിനത്തിൽ ക്രമീകരിച്ചു നൽകി | 2-3 |
| 16 | തനതുഫണ്ട്പരിപാലനം നിർദ്ദേശവിരുദ്ധമായി ഒന്നിലധികം അക്കൗണ്ടുകൾ | 2-4 |
| 17 | തൊഴിൽ നികുതി അപാകതകൾ | 2-5 |
| 18 | സാംസ്കാരിക നിലയത്തിലെ രസീതുകൾ സ്റ്റോക്കിലെടുക്കുന്നില്ല | 2-6 |
| | ഭാഗം 3 | |
| 19 | പ്രവർത്തനരഹിതമായ ബയോഗ്യാസ്പ്ലാന്റിനായി ചെലവഴിച്ച 83,050/-രൂപ തടസ്സപ്പെടുത്തുന്നു. | 3-1 |
| 20 | നിലവിലില്ലാത്ത ബൾബുകൾക്ക് വൈദ്യുതിചാർജ് ഒടുക്കുന്നു | 3-2 |

| | | |
|---|---|---|
| 21 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടാൻ കഴിയാത്ത അവസ്ഥയിൽ. | 3-3 |
| 22 | വെള്ളക്കരം - സംയുക്തപരിശോധന നടത്തിയിട്ടില്ല. | 3-4 |
| 23 | ദിവസവേതനം -615/-രൂപ അധികം നൽകി. | 3-5 |
| 24 | രേഖകൾ ഹാജരാക്കിയില്ല-26020/- രൂപ തടസ്സപ്പെടുത്തുന്നു. | 3-6 |
| 25 | ഭവനപുനരുദ്ധാരണം - വിശദമായ എസ്റ്റിമേറ്റ് ഇല്ലാതെ പ്രവൃത്തിയുടെ വാല്യുവേഷൻ നടത്തി ആനുകൂല്യം നല്കുന്നു. | 3-7 |
| 26 | വിനിയോഗരേഖകൾ ഹാജരാക്കിയില്ല.<br>ചെലവ് തുക തടസ്സം ചെയ്യുന്നു. | 3-8 |
| 27 | വായനശാലകൾക്ക് ഫർണിച്ചർ-അഫിലിയേഷൻ സർട്ടിഫിക്കറ്റ് ഇല്ല 1,99,928/- രൂപ തടസ്സപ്പെടുത്തുന്നു. | 3-9 |
| 28 | പ്രതിഭാ സംഗമവും സ്കോളർഷിപ്പും-ചെലവ് തടസ്സപ്പെടുത്തുന്നു | 3-10 |
| 29 | പി.എസ്.സി.കോച്ചിംഗ്- സബ്സിഡി മാർഗ്ഗരേഖയിലില്ലാത്ത പദ്ധതി നടപ്പിലാക്കി. | 3-11 |
| 30 | പത്താംക്ലാസ്സ് തുല്യത പരീക്ഷ -ആവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല. 42,550/- രൂപ തടസ്സപ്പെടുത്തുന്നു. | 3-12 |
| 31 | ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ്-പരിധി കഴിഞ്ഞ് നൽകിയ 1,59,600/- രൂപ നിരാകരിക്കുന്നു. | 3-13 |
| 32 | കറവപശുക്കൾക്കുള്ള കാലിത്തീറ്റവിതരണം -ബിൽ കൃത്യമല്ല ചെലവ് തടസ്സപ്പെടുത്തുന്നു. | 3-14 |
| 33 | ആട്,കിടാരി പദ്ധതികൾ-പർച്ചേസിംഗ് കമ്മിറ്റി അംഗീകരിച്ച വ്യക്തിയിൽ നിന്നും വാങ്ങലുകൾ നടത്തിയില്ല. 13,43,750/-രൂപ തടസ്സപ്പെടുത്തുന്നു. | 3-15 |
| 34 | തെരുവ് വിളക്ക് മെയിന്റെനൻസ് -രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിച്ചിട്ടില്ല-8,47,912/-രൂപ തടസ്സപ്പെടുത്തുന്നു | 3-16 |
| 35 | പഞ്ചായത്ത് ഓഫീസ് ഒന്നാം നില വയറിംഗ്-17,490/-രൂപ ലഭിച്ചിട്ടില്ല. | 3-17 |
| | ഭാഗം 4 | |

| | | |
|---|---|---|
| 36 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുവിനിയോഗം | 4-1 |
| 37 | നിക്ഷേപപ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 39 | വായ്പ/വായ്പതിരിച്ചടവ് | 4-4 |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 43 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 45 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 46 | അനുബന്ധം-1<br>ഓഡിറ്റ് സാക്ഷ്യപത്രം | 1 |
| 47 | അനുബന്ധം-2<br>അനുബന്ധപത്രികകൾ | 2 |



## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

22.03.17 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/ പരിഷ്കരിച്ച ബജറ്റ് 01.03.2018 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 16.05.2018 | - | - |

### 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13.06.2018 & 14.06.2018 | കെ.എസ്.എ.-കെ.എൽ.എം./ |

| | | |
|---|---|---|
| | | പി-11/306/18/09.07.18 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,91,31,731/- |
| വരവ് | 9,53,34,282/- |
| ആകെ | 11,44,66,013/- |
| ചെലവ് | 9,99,57,226/- |
| നീക്കിയിരിപ്പ് | 1,45,08,787/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 1,95,71,900 | 1,95,71,900 | 1,68,38,125 | 27,33,775 |
| വികസനഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 1,29,78,851 | 1,29,78,851 | 1,27,80,466 | 1,98,385 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 1,61,32,000 | 1,61,32,000 | 1,55,33,184 | 5,98,816 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 42,43,000 | 42,43,000 | 32,75,554 | 9,67,446 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 91,90,863 | 91,90,863 | 80,44,663 | 11,46,200 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | 0 | 42,88,747 | 42,88,747 | 40,09,891 | 2,78,856 |
| സാക്ഷരത | | 1,174 | 1,61,445 | 1,62,619 | 1,61,330 | 1,289 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 2,86,16,488 | 2,86,16,488 | 2,86,16,488 | 0 |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 1,68,221 | 8,86,277 | 10,54,498 | 8,21,233 | 2,33,265 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | സമ്പൂർണ്ണശുചിത്വം | 75,220 | 5,696 | 80,916 | 0 | 80,916 |
| | ഐ.സി.ഡി.എസ്. | 7,94,506 | 12,45,538 | 20,40,044 | 9,38,075 | 11,01,969 |
| സംസ്ഥാനാ വിഷ്കൃത ഫണ്ടുകൾ | ശുചിത്വമിഷൻ | 17,89,880 | 10,27,525 | 28,17,405 | 27,88,605 | 28,800 |
| | കേരളോത്സവം | 0 | 20,000 | 20,000 | 20,000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 5,58,904 | 5,06,250 | 10,65,154 | 5,01,736 | 5,63,418 |
| | ജില്ലാ പഞ്ചായത്ത് | 0 | 14,32,600 | 14,32,600 | 14,32,500 | 100 |
| ബി ഫണ്ട് | | 0 | 1,55,760 | 1,55,760 | 1,55,760 | 0 |

| | | | | | | |
|---|---|---|---|---|---|---|
| തനത്ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1,22,27,436 | 1,77,08,308 | 2,99,35,744 | 1,79,04,835 | 1,20,30,909 |
| | ട്രഷറി അക്കൗണ്ട് | 48,95,068 | 1,17,03,000 | 1,65,98,068 | 1,56,29,534 | 9,68,534 |

കുറിപ്പ്:-

1) സാക്ഷരത വരവ്- 1,61,445/- (1,61,330+145) രൂപയിൽ 145/- രൂപ പലിശ ഇനത്തിലുള്ള വരവാണ്.

2) ഐ.സി.ഡി.എസ്.-ചെലവ് തുകയായി കാണിച്ചിരിക്കുന്ന 9,38,075/- രൂപയിൽ തൻവർഷം ചെലവഴിച്ച തുക 4,26,526/- രൂപയും മുന്നിരിപ്പിൽ നിന്നും 'prior period income' എന്ന ഹെഡിലേക്ക് മാറ്റിയ 5,11,549/- രൂപയും ചേർന്ന തുകയാണ്.

3) ഐ.സി.ഡി.എസ്.-നീക്കിയിരിപ്പ് 11,01,969/-രൂപയിൽ 6,55,145/- രൂപയേ B4 -ൽ ഉൾപ്പെയുത്തിയിട്ടുള്ളൂ. ബാലൻസ് 4,46,824/- (11,01,969–6,55,145) രൂപ റിഡഷൻ തുകയായി RP 31-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

4) ശുചിത്വ മിഷൻ – ചെലവ് തുകയായി കാണിച്ചിരിക്കുന്ന 27,88,605/- രൂപയിൽ തൻവർഷം ചെലവഴിച്ച തുക 10,03,725/- രൂപയും മുന്നിരിപ്പിൽ നിന്നും 'prior period income' എന്ന ഹെഡിലേക്ക് മാറ്റിയ 17,84,880/- രൂപയും ചേർന്ന തുകയാണ്.

5) ജോയിന്റ് വെഞ്ചർ അക്കൗണ്ട് ബ്ലോക്ക് വിഹിതം – എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് 5,01,736/-രൂപയും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവ് 7,89,656/-രൂപയുമാണ്. ആയത് പൊരുത്തപ്പെടുന്നില്ല. ടിയിനത്തിലെ നീക്കിയിരിപ്പ് തുക വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 230 | 10,27,22,829 | 183 | 6,75,95,257 | 27 | 20 | 80 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,68,221 | 8,86,277 | 10,54,498 | 8,21,233 | 2,33,265 |
| ഗുണഭോക്താക്കൾക്ക് | 0 | 2,86,16,488 | 2,86,16,488 | 2,86,16,488 | 0 |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത് | | | | | |
| ആകെ | 1,68,221 | 2,95,02,765 | 2,96,70,986 | 2,94,37,721 | 2,33,265 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,55,760 | 307 |
| കർഷകതൊഴിലാളി പെൻഷൻ | 25,07,300 | 207 |
| വിധവാപെൻഷൻ | 1,57,14,900 | 1,487 |
| വാർദ്ധക്യകാലപെൻഷൻ | 3,27,18,200 | 2,802 |
| വികലാംഗപെൻഷൻ | 48,24,400 | 440 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ അമ്മമാർക്കുള്ള പെൻഷൻ | 9,79,400 | 95 |
| ആകെ | 5,68,99,960 | 5,338 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.01.19 ന് ജൂനിയർ സൂപ്രണ്ട്, ശ്രീ.ബി.വേണുവിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9,988/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവുകൾ പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച നൽകിയിട്ടുണ്ട്. അക്കൗണ്ടിംഗ് സമ്പ്രദായം സുതാര്യമാണ്. പണം സ്വീകരിക്കുന്നതിനും ഡെപ്പോസിറ്റ് ചെയ്യുന്നതിനും കണക്ക് സൂക്ഷിക്കുന്നതിനും വ്യത്യസ്ത സെക്ഷനുകൾക്ക് ചുമതല വിഭജിച്ച നൽകിയിട്ടുണ്ട്. പ്രതിദിന കളക്ഷൻ അന്നേദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് ഫ്രണ്ട് ഓഫീസ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിട്ടർ ചെയ്യുന്നില്ല. വസ്തുനികുതി ഇനത്തിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ എ.എഫ്.എസ്സുമായി പൊരുത്തപ്പെടുന്നില്ല. കുടിശ്ശികകൾ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ടെങ്കിലും സാംഖ്യയിൽ നിന്നുള്ള പേമെന്റ് വൗച്ചറുകൾ സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച അളവ് പുസ്തകവും ഫയലുകളും സൂക്ഷിക്കുന്നുവെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07/01/19 | 12/18 | റിപ്പോർട്ട് ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07/09/15-16 /09/15 | 2010-2011 മുതൽ 2014-2015 വരെ | 21.10.15 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1) ഗ്രാമപഞ്ചായത്തിന്റെ സ്ഥിര നിക്ഷേപമായി 5,000/-രൂപ KDC ബാങ്കിൽ നീക്കിയിരിപ്പിൽ (Rp 40 (b)) കാണിച്ചിട്ടുണ്ട്. എന്നാൽ ഈ തുക B-12 ഷെഡ്യൂളിൽ ഇൻവെസ്റ്റ്മെന്റ് ആയി ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ FD റസീറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2) ഗ്രാമപഞ്ചായത്ത് നൽകിയ മൂന്നുമാസത്തിൽ അധികമായ എൻക്യാഷ് ചെയ്യാത്ത ചെക്കുകൾ (കുളക്കട എസ്.സി.ബി) ബാലൻസ് ഷീറ്റിൽ സ്റ്റെയിൽ ചെക്ക് ലയബിലിറ്റി ആയി ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം. | ചെക്ക് നം. /തീയതി | തുക |
|---|---|---|
| 1. | 23653 / 16.06.2017 | 850 |
| 2. | 15516/ 06.04.2016 | 132 |
| 3. | 25067 / 24.06.2016 | 560 |
| 4. | 25649/31.12.2016 | 2,000 |

3) AFS പ്രകാരം തൻവർഷത്തെ വസ്തു നികുതി ഡിമാന്റ് (നോൺ റസിഡന്റ്) 11,36,818/-രൂപയും തൻവർഷത്തെ നികുതി (നോൺ റസിഡന്റ്) പിരിവ് 10,65,717/-രൂപയുമാണ്. ഈ തുകകളുടെ വ്യത്യാസമായ 71,101/-രൂപയാണ് തൻവർഷത്തെ വസ്തു നികുതി കുടിശ്ശിക. എന്നാൽ ബാലൻസ് ഷീറ്റിലെ ബി-15-ൽ തൻവർഷത്തെ വസ്തു നികുതി കുടിശ്ശിക 5,311/-രൂപയാണ് കാണിച്ചിരിക്കുന്നത് (LC ഉൾപ്പെടെ). വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തു നികുതി കുടിശ്ശിക ഡിമാന്റ് (നോൺ റസിഡൻഷ്യൽ) 20,29,487/- രൂപയും കുടിശ്ശിക പിരിവ് (നോൺ റസിഡന്റ്) 15,86,321/- രൂപയുമാണ്. ഈ തുകകളുടെ വ്യത്യാസമായ 4,43,166/-രൂപയാണ് കുടിശ്ശിക ബാലൻസ് (നോൺ റസിഡന്റ്) എന്നാൽ ബാലൻസ് ഷീറ്റിൽ B-15-ൽ 19,967/-രൂപയാണ്. (എൽ.സി ഉൾപ്പെടെ) കാണിച്ചിരിക്കുന്നത്.

4) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ B-11 ഷെഡ്യൂളിലെ ആസ്തികളുടെ മൂല്യം നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

5) സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണോദ്യോഗസ്ഥരുടെ പ്ലാൻ അക്കൗണ്ടിൽ ശേഷിക്കുന്ന തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ-

1) ജോയിന്റ് വെഞ്ച്വർ ബ്ലോക്ക് വിഹിതം തുക എക്സ്‌പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് 5,01,736/- രൂപയും എ.എഫ്.എസ് പ്രകാരം ചെലവ് 7,89,656/- രൂപയുമാണ്. ആയത് പൊരുത്തപ്പെടുന്നില്ല. ടി ഇനത്തിലെ നീക്കിയിരിപ്പ് തുക എ.എഫ്.എസിൽ ഉൾപ്പെടുത്തിയിട്ടില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഇ ടെൻഡറിംഗ് - ടെൻഡർ ഫോം വില തിരികെ ഈടാക്കിയിട്ടില്ല

തൻവർഷം 87 മരാമത്തുപ്രവൃത്തികൾ ഇ-ടെൻഡർ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഇ–ടെൻഡറിംഗ് നടത്തുമ്പോൾ ടെൻഡർ ഫോം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് ഒടുക്കുവരുത്തുന്നത്. പഞ്ചായത്തിന് അർഹമായ ടി തുക തിരികെ ഈടാക്കിയിട്ടില്ല. തൻവർഷം ടെൻഡർഫോം വിലയിനത്തിൽ 84,990/-രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവുവന്നിട്ടുണ്ട്. പ്രസ്തുത തുക തിരികെ ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാത്തപക്ഷം ടി തുക പഞ്ചായത്തിന് നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകും. ആയതിനാൽ ടി തുക തിരികെ ഈടാക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. മുൻവർഷങ്ങളിലും ഈയിനത്തിലുള്ള തുക പഞ്ചായത്തിന് തിരികെ ലഭ്യമായിട്ടില്ല. പഞ്ചായത്തിന് അർഹമായ പ്രസ്തുത വരവു തുക തിരികെ ലഭ്യമാക്കുന്നതിന് ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2-2 തനത് ഫണ്ട് അക്കൗണ്ട് -വരവ് പിൻവലിക്കലുകൾ അപാകതകൾ

1) ചെക്കുകളായി ലഭിച്ച തുകകൾ നാളിതുവരെ ബാങ്ക് അക്കൗണ്ടിൽ വരവു വന്നിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി, ശുചിത്വമിഷൻ ഫണ്ട് എന്നീ ഇനങ്ങളിലേക്ക് വരവുവന്ന ചെക്കുകൾ തനതു ഫണ്ട് സൂക്ഷിക്കുന്ന സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് അക്കൗണ്ടിൽ (നം.1012) ഒടുക്കിയെങ്കിലും തുകകൾ വരവു വന്നതായി ബോദ്ധ്യപ്പെട്ടിട്ടില്ല. തുകകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലഭിച്ച തീയതി | ചെക്ക് (ഡി.ഡി) നമ്പർ/തീയതി | നൽകിയ സ്ഥാപനമേധാവി | തുക കളക്ട് ചെയ്തു വരുന്നതിനായി ബാങ്കിൽ സമർപ്പിച്ച തീയതി | ഇനം | തുക |
|---|---|---|---|---|---|---|
| 1 | 5/10/17 | 577457/ 4.10.2017 | ഫെഡറൽബാങ്ക്, കലയപുരം | 9/10/17 | ജീവനക്കാരുടെ തൊഴിൽനികുതി | 12,700/- |
| 2 | 5/10/17 | 577456/ 4.10.2017 | ഫെഡറൽബാങ്ക്, കലയപുരം | 9/10/17 | സ്ഥാപന തൊഴിൽനികുതി | 1,250/- |
| 3 | 10/10/17 | 400775/ 4.10.2017 | ജില്ലാ കോർഡിനേറ്റർ, ശുചിത്വമിഷൻ | 10/10/17 | ശുചിത്വമിഷൻ ഫണ്ട് | 24,605/- |
| 4 | 18/8/17 | 6313723/ 17-8-2017 | എച്ച്.എം., ജി.ഡബ്ല്യൂ. എൽ.പി.എസ്., കുളക്കട ഈസ്റ്റ് | 19/8/17 | ജീവനക്കാരുടെ തൊഴിൽനികുതി | 2,500/- |
| 5 | 30/8/17 | 7625504/ 30-8-17 | എച്ച്.എം., ഡി.വി.യു.പി.എസ്, താഴത്ത് കുളക്കട | 30/8/17 | ജീവനക്കാരുടെ തൊഴിൽനികുതി | 9,750/- |
| 6 | 21-8-17 | 6313543/ 18-8-17 | എച്ച്.എം., ജി.എൽ.പി.എസ്., പൂവറ്റൂർ | 22-8-17 | ജീവനക്കാരുടെ തൊഴിൽനികുതി | 5,750/- |
| 7 | 7-2-18 | 084571/ 3-2-18 | മാനേജർ, എസ്സ്.ബി.ഐ, പുത്തൂർ | 7-2-18 | ജീവനക്കാരുടെ തൊഴിൽനികുതി | 1,250/- |
| 8 | 9-2-18 | 6313685/9-2-18 | എച്ച്.എം., ജി.എൽ.പി.എസ്., കുളക്കട | 15-2-18 | ജീവനക്കാരുടെ തൊഴിൽനികുതി | 5,750/- |
| 9 | 15-2-18 | 7625866/ 12-2-18 | എച്ച്.എം., ഡി.വി.യു.പി.എസ്, വെണ്ടാർ | 15-2-18 | ജീവനക്കാരുടെ തൊഴിൽനികുതി | 11,000/- |
| 10 | 16-2-18 | 7625348/ 3-2-18 | എച്ച്.എം., ജി.എൽ.പി.എസ്. കുളക്കട | 17-2-18 | ജീവനക്കാരുടെ തൊഴിൽനികുതി | 5,750/- |
| 11 | 20-2-18 | 7625268/ 20-2-18 | എച്ച്.എം., എൽ.പി.എസ്., വെണ്ടാർ | 21-2-18 | ജീവനക്കാരുടെ തൊഴിൽനികുതി | 6,250/- |
| 12 | 23-2-18 | 6313546/ 23-2-18 | എച്ച്.എം., ജി.എൽ.പി.എസ്., പൂവറ്റൂർ ഈസ്റ്റ് | 27-2-18 | ജീവനക്കാരുടെ തൊഴിൽനികുതി | 5,750/- |

അക്കൗണ്ടിൽ വരവ് വന്നതിൻെറ വിവരങ്ങൾ ബാങ്ക് സ്റ്റേറ്റ്മെൻറ് സഹിതം ഹാജരാക്കുവാനും, വരവ് വന്നിട്ടില്ലെങ്കിൽ ഇതിൻമേൽ വിശദീകരണവും, സ്വീകരിച്ച തുടർനടപടികളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല.

2011 ലെ കെ.പി.ആർ.(അക്കൗണ്ട്സ് )ചട്ടം 6(5) പ്രകാരം ബാങ്കിൽ നിന്നും ലഭിക്കുന്ന പ്രതിമാസ അക്കൗണ്ട് സ്റ്റേറ്റ്മെൻറ് പ്രകാരം ബാങ്ക് അക്കൗണ്ടിൽ യഥാർത്ഥത്തിലുള്ള നിക്കിയിരിപ്പ്, ബാങ്ക് ബുക്കിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. 2018 ഡിസംബറിലെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെൻറിൽ നിന്നും ' cheques deposited but not collected ' എന്ന ഇനത്തിൽ പട്ടികയിൽ സൂചിപ്പിച്ച 1 മുതൽ 5 വരെ ക്രമനമ്പരായുള്ള ചെക്കുകൾ നിലനില്ക്കുന്നതായും ബാങ്ക് അക്കൗണ്ടിൽ നാളിതുവരെ വരവുവന്നിട്ടില്ലായെന്നും ബോദ്ധ്യപ്പെട്ടു. ചെക്കുകളുടെ മൂന്ന് മാസ കാലാവധി കഴിഞ്ഞിട്ടും തനത് ഫണ്ടിലേക്ക് ടി തുകകൾ മുതൽക്കൂട്ടുന്നതിന് യാതൊരു തുടർനടപടികളും അക്കൗണ്ടൻറ് സ്വീകരിച്ചിട്ടില്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്. ഏതെങ്കിലും ചെക്കുകൾ, ബാങ്ക് നിരസിച്ചത് സംബന്ധിച്ച് രേഖകളോ വിവരങ്ങളോ ഒന്നും തന്നെ പഞ്ചായത്തിൽ ലഭ്യമല്ല. 2011 ലെ കെ.പി.ആർ.(അക്കൗണ്ട്സ് ) 26-ാം ചട്ടത്തിൽ ബാങ്ക് സ്റ്റേറ്റ്മെൻറുകൾ ഓരോ മാസാന്ത്യത്തിലും ശേഖരിച്ച് ലഭിച്ച തുകകൾ പൂർണ്ണമായി ബാങ്ക് അക്കൗണ്ടിൽ ഒടുക്ക് വരുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടത് അക്കൗണ്ടന്റിന്റെ ചുമതലയാണ്. പണം ഒടുക്കിയതിൽ തകരാറുകൾ ഉണ്ടെങ്കിൽ അവ ഉടൻതന്നെ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. എന്നാൽ ഈ നടപടി ക്രമങ്ങൾ ഒന്നും തന്നെ പാലിച്ചിട്ടില്ല. അക്കൗണ്ടിൽ തുകകൾ വരവ് വന്നതിൻെറ വിവരങ്ങൾ ബാങ്ക് സ്റ്റേറ്റ്മെൻറ് സഹിതം ഹാജരാക്കേണ്ടതും, വരവ് വന്നിട്ടില്ലെങ്കിൽ അടിയന്തിരമായി തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ പതിയേണ്ടതുമാണ്. ഈ വിഷയത്തിൽ അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവർക്ക് വീഴ്ച്ച സംഭവിച്ചിട്ടുണ്ടെങ്കിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ബാങ്ക് സ്റ്റേറ്റ്മെൻറിൽ ചെക്ക് നമ്പറുകളുടെ വിവരങ്ങൾ ലഭ്യമല്ല,ബാങ്ക് ബുക്കിലെ രേഖപ്പെടുത്തലും അപൂർണ്ണം

2011 ലെ കെ.പി.ആർ.(അക്കൗണ്ട്സ് )ചട്ടം 6(1) പ്രകാരം പഞ്ചായത്തിൻെറ ബാങ്ക് ബുക്ക് അക്കൗണ്ടന്റ് സൂക്ഷിക്കേണ്ടതും ചെക്കായോ പണമായോ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതും പിൻവലിക്കുന്നതുമായ തുകകൾ അതിൽ രേഖപ്പെടുത്തേണ്ടതുമാണ്.

എന്നാൽ ചെക്ക് വഴി പിൻവലിക്കുന്ന എല്ലാ തുകകളും ബാങ്ക് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല. കോപ്പറേറ്റീവ് ബാങ്കിൽ നിന്നും ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റിൽ പിൻവലിക്കുന്ന തുകകളുടെ ചെക്ക് നമ്പറുകൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഈ കാരണങ്ങളാൽ പിൻവലിക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

ജി.ഒ.(എം.എസ്സ് )245/2011/ത.സ്വ.ഭ.വ 13.10.2011 അനുസരിച്ച് സാംഖ്യ ഓൺലൈനായാൽ ഇതിൽ നിന്നുള്ള പേമെന്റ് ഓർഡർ രേഖപ്പെടുത്താതെ സെക്രട്ടറിമാർ ബില്ലിൽ ഒപ്പിടരുത്. ആയതിനാൽ ചെക്ക് മുഖേനയുള്ള പിൻവലിക്കലുകൾ അതേ ദിവസം തന്നെ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തി ഓരോദിവസവും അവസാനത്തിൽ ക്യാഷ്ബുക്ക് സമ്മറി, ബാങ്ക്ബുക്ക് എന്നിവ പ്രിന്റ് എടുത്ത് സെക്രട്ടറിയും അക്കൗണ്ടന്റും ഒപ്പിട്ട് ഫയൽ ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

ചെക്ക് നമ്പറുകൾ ഉൾപ്പെടെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ ശക്തമായ ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ട്.
എൻക്വയറി നം.5A, 29/1/2019

**2-3** ഡെപ്പോസിറ്റ് തുക വാടകയിനത്തിൽ ക്രമീകരിച്ചു നൽകി

കലയപുരം ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നം.16 , 30/10/17 -ൽ നടന്ന ലേലത്തിൽ 1,350/-രൂപ പ്രതിമാസ വാടക നിരക്കിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ശ്രീ.ഷാജി മാത്യു എന്ന വ്യക്തിക്ക് അംഗീകരിച്ചു നൽകിയിട്ടുണ്ട്. ലേല വ്യവസ്ഥ 4 പ്രകാരം കടമുറികളുടെ മൂന്ന് മാസത്തെ വാടകത്തുക അഡ്വാൻസായി നൽകണം.1/11/17 ലെ 117050102966-ാം നം. രസീത് പ്രകാരം 4,050/-രൂപ അടവാക്കിയിട്ടുണ്ട്. തുടർന്ന് 12/17 മുതൽ 2/18 വരെയുള്ള വാടക തുക അഡ്വാൻസ് തുകയിൽ നിന്ന് ക്രമീകരിച്ചു. 2018-19 സാമ്പത്തിക വർഷത്തിലും ലേലം ഏറ്റെടുത്ത ടി വ്യക്തി തന്നെ കടമുറി ഉപയോഗിക്കുന്ന സാഹചര്യത്തിൽ, ഡെപ്പോസിറ്റ് തുക ക്രമീകരിക്കാനുണ്ടായ സാഹചര്യം വിശദമാക്കാൻ ആവശ്യപ്പെട്ട് എൻക്വയറി നൽകിയതിൽ വാടക പോസ്റ്റ് ചെയ്തപ്പോൾ തെറ്റായി രേഖപ്പെടുത്തി എന്നുള്ള മറുപടി അംഗീകരിക്കുന്നില്ല. കടമുറികൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച ബൈലോ ഹാജരാക്കുന്നതിനായി ഓഡിറ്റ് റിക്വസിഷൻ നല്കിയെങ്കിലും ആയത് ഹാജരാക്കിയില്ല.

ലേല ഉടമകളിൽ നിന്നും നിശ്ചിത തുകയ്ക്കുള്ള മുദ്രപത്രം സ്വീകരിക്കുന്നുണ്ടെങ്കിലും ആയതിൽ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. ലേല ഉടമകളുമായി നിശ്ചിത മുദ്രപത്രത്തിൽ കരാറിലേർപ്പെട്ടില്ലെങ്കിൽ, ലേല വ്യക്തി ലേല തുകകൾ ഒടുക്കു വരുത്താതിരിക്കുകയോ, എന്തെങ്കിലും നാശനഷ്ടങ്ങൾ വരുത്തുകയോ ചെയ്യുകയാണെങ്കിൽ പഞ്ചായത്തിന് നിയമ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയില്ല. അതിനാൽ ലേലം ഏറ്റെടുത്തവരുമായി യഥാസമയം കരാറിലേർപ്പെടേണ്ടതാണ്. ടി വ്യക്തിയിൽ നിന്നും ഡെപ്പോസിറ്റ് തുക ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
എൻക്വയറി നം.3, 28/1/19
റിക്വസിഷൻ നം.2,30/1/19

**2-4** തനതുഫണ്ട് പരിപാലനം- നിർദ്ദേശങ്ങൾക്കു വിരുദ്ധമായി ഒന്നിലധികം അക്കൗണ്ടുകൾ

കുളക്കട ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം കുളക്കട സർവ്വീസ് സഹകരണ ബാങ്ക് (അക്കൗണ്ട് നം. 1012 ), പൂവറ്റൂർ സർവ്വീസ് സഹകരണ ബാങ്ക് (അക്കൗണ്ട് നം. 552) എന്നിവിടങ്ങളിലായി സൂക്ഷിക്കുന്നു. 26.05.2011 ലെ 58725/എഫ്.എം.3/2008/ത.സ്വ.ഭ.വ സർക്കുലറിൽ ഗ്രാമപഞ്ചായത്തുകൾക്ക് തനതുവരുമാനം സൂക്ഷിക്കുവാൻ ട്രഷറി അക്കൗണ്ട് കൂടാതെ ഒറ്റ ബാങ്ക് അക്കൗണ്ട് മാത്രമേ പാടുള്ളൂ എന്ന് വ്യക്തമാക്കുന്നു.

2016-17ഓഡിറ്റ് റിപ്പോർട്ടിലും ഇത് സംബന്ധിച്ച് പരാമർശം ഉണ്ടായിരുന്നുവെങ്കിലും നാളിത് വരെ നടപടികൾ സ്വീകരിച്ചിട്ടില്ല. ബാലൻസ് നിലനിൽക്കുന്നതും, നിലവിൽ ഉപയോഗിക്കതിരിക്കുന്ന നിർജ്ജീവവുമായ അക്കൗണ്ട് (അക്കൗണ്ട്നം.552) നിലനിർത്തുന്നത് ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ളതിനാൽ ഭരണസമിതി അടിയന്തിര നടപടികൾ സ്വീകരിച്ച് അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**2-5** തൊഴിൽ നികുതി അപാകതകൾ

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

(1) 2017-18 സാമ്പത്തിക വർഷത്തിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1.മരുതിയിൽ ഡെൻറൽ ക്ലിനിക്ക്, കലയപുരം

2.ലക്ഷ്മി പോളി ക്ലിനിക്ക്, താഴത്ത് കുളക്കട

3.സെഞ്ചുറി പോളിടെക്, താഴത്ത് കുളക്കട

(2) ഒന്നാം അർദ്ധവർഷം പ്രവർത്തിച്ചിരുന്നതും രണ്ടാം അർദ്ധവർഷം പ്രവർത്തനം ഇല്ലാതിരുന്നതുമായ ശ്രീ.ദുർഗ്ഗ കാഷ്യു ഫാക്ടറിയിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

വരവ് നഷ്ടം -1,250/-രൂപ

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മരുതിയിൽ ഡെൻറൽ ക്ലിനിക്ക്, കലയപുരം എന്ന സ്ഥാപനം അടവാക്കിയ രസീത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു. ശേഷിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

എൻക്വയറി നം.6, 30/1/19

**2-6** സാംസ്കാരിക നിലയത്തിലെ രസീതുകൾ സ്റ്റോക്കിലെടുക്കുന്നില്ല

പഞ്ചായത്തിൻെറ ഉടമസ്ഥതയിലുള്ള സാംസ്കാരിക നിലയത്തിലെ വരവ് രസീത് ബുക്ക് നം.4 പരിശോധനയ്ക്കായി ഹാജരാക്കി. എന്നാൽ ടി രസീത് ബുക്ക് സ്ഥാപനത്തിന് നൽകിയതായി രസീതിൻെറ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സാംസ്കാരിക നിലയത്തിന് വേണ്ടി പഞ്ചായത്തിൽ നിന്ന് ലഭ്യമാകുന്ന രസീതു ബുക്കുകളല്ല ഉപയോഗിച്ചിരിക്കുന്നത്. പഞ്ചായത്തിൻെറ ചെലവിൽ ലൈബ്രേറിയൻ വാങ്ങിയ രസീതുകളിൽ നിലവിൽ ഒരു രസീത് അവശേഷിക്കുന്നുവെന്നും ലൈബ്രേറിയൻ വ്യക്തമാക്കി.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടം83 അനുസരിച്ച് പഞ്ചായത്തിൽ ലഭ്യമാകുന്ന രസീതുകൾ സ്റ്റോക്കിലെടുക്കേണ്ടതും അവ ക്രമനമ്പരിന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്യേണ്ടതും രസീതുകൾ കൈപ്പറ്റുന്ന ഉദ്യോഗസ്ഥൻ ഒപ്പുവയ്ക്കേണ്ടതുമാണ്.

## ഭാഗം-3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

**3-1** പ്രവർത്തനരഹിതമായ ബയോഗ്യാസ് പ്ലാന്റിനായി ചെലവഴിച്ച **83,050/-**രൂപ തടസ്സപ്പെടുത്തുന്നു.

മാലിന്യസംസ്കരണത്തോടൊപ്പം ബയോഗ്യാസ് ഉല്പാദിപ്പിച്ച് സ്ട്രീറ്റ് ലൈറ്റ് പ്രവർത്തിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പുത്തൂർ മാർക്കറ്റിൽ സ്ഥാപിച്ചിട്ടുള്ള ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനരഹിതമായിട്ടും പ്ലാന്റ് ഓപ്പറേറ്ററുടെ വേതനമിനത്തിലും ഡീസൽ ഇനത്തിലും ആകെ 83,050/-രൂപ ചെലവഴിച്ചിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| മാസം | ഓപ്പറേറ്ററുടെ വേതനം | | ഡീസൽ ചെലവ് | | ആകെ |
|---|---|---|---|---|---|
| | വൗച്ചർ നം /തീയതി | തുക (₹) | വൗച്ചർ നം/ തീയതി | തുക (₹) | |
| ഏപ്രിൽ | 21700011/ 03-04-17 | 6,200 | 21700012/ 03-04-17 | 1,280 | 7,480 |
| മേയ് | 21700113/ 05-05-17 | 6,000 | 21700114/ 05-05-17 | 1,493 | 7,493 |
| ജൂൺ | 21700215/ 05-06-17 | 6,200 | 21700216/ 05-06-17 | 1,219 | 7,419 |
| ജൂലൈ | 21700318/ 03-07-17 | 6,000 | 21700319/ 03-07-17 | 1,168 | 7,168 |
| ആഗസ്റ്റ് | 21700396/ 01-08-17 | 6,200 | 21700395/ 01-08-17 | 1,189 | 8,599 |
| | 21700450/ 31-08-17 | 1,210 (ഫെസ്റ്റിവൽ അലവൻസ്) | | | |
| സെപ്റ്റംബർ | 21700533/ 02-09-17 | 6,200 | 21700534/ 02-09-17 | 1,233 | 7,433 |
| ഒക്ടോബർ | 21700612/ 04-10-17 | 6,000 | 21700611/ 04-10-17 | 1,497 | 7,497 |
| നവംബർ | 21700704/ 02-11-17 | 6,200 | 21700703/ 02-11-17 | 1,233 | 7,433 |
| ഡിസംബർ | 21700802/ 01-12-17 | 6,000 | 21700803/ 01-12-17 | 1,259 | 7,259 |
| ജാനുവരി | 21700889/ | 6,200 | 21700890/ | 1,268 | 7,468 |

| | | | | | |
|---|---|---|---|---|---|
| | 01-01-18 | | 01-01-18 | | |
| ഫെബ്രുവരി | 21701972/ 02-02-18 | 6,200 | 21701973/ 02-02-18 | 1,601 | 7,801 |
| ആകെ | | 68,610/- | | 14,440/- | 83,050/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പ്ലാന്റ് പ്രവർത്തിക്കുന്നില്ലെന്നും ജനറേറ്ററിൽ ഡീസൽ നിറച്ച് ലൈറ്റ് പ്രവർത്തിപ്പിക്കുന്നുവെന്നും ആയതിനായി ഓപ്പറേറ്റർക്ക് വേതനം നൽകുന്നതിനും ഡീസലിനും മാർക്കറ്റിലെ മാലിന്യം നീക്കം ചെയ്യുന്നതിനുമായാണ് തുക ചെലവഴിച്ചിരിക്കുന്നതെന്നും മറുപടി ലഭ്യമാക്കി. എന്നാൽ പുത്തൂർ മാർക്കറ്റ് ഗേറ്റ്ഫീസ് പിരിവ് 2017-2018 വർഷത്തേക്കു ശ്രീ.സാനു, വെളുത്തുറപുത്തൻവീട്, കാരിക്കൽ, കരിമ്പിൻപുഴ എന്ന വ്യക്തി 8/3/17 ൽ ലേലം കൊണ്ടിട്ടുള്ളതും ലേലം കൊള്ളുന്ന വ്യക്തി സ്വന്തം ചെലവിൽ മാലിന്യങ്ങൾ നീക്കം ചെയ്യേണ്ടതാണെന്ന് ലേലവ്യവസ്ഥ 9-ൽ വ്യക്തമാക്കിയിട്ടുമുണ്ട്. മാലിന്യസംസ്കരണവും ബയോഗ്യാസ് ഉൽപാദനവും ലക്ഷ്യംവെച്ച് സ്ഥാപിച്ച പ്ലാന്റിൽ മറുപടിയിൽ പറഞ്ഞിരിക്കുന്ന പ്രകാരം തുക ചെലവഴിച്ചിരിക്കുന്നത് അംഗീകരിക്കാവുന്നതല്ല.

മുൻ ഓഡിറ്റ് റിപ്പോർട്ടിലും ഇപ്രകാരം പരാമർശിച്ചിട്ടുണ്ടെങ്കിലും ആയത് പരിഗണിക്കാതെയാണ് തെറ്റായ നടപടി ആവർത്തിക്കുന്നത്. അധികൃതരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയും അലംഭാവവുമാണ് ഇതിനു കാരണം. ആയതിനാൽ 83,050/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതും തുടർനടപടി വിവരം അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.-10/30.01.19

തടസ്സം-83,050/-രൂപ

## 3-2 നിലവിലില്ലാത്ത ബൾബുകൾക്ക് വൈദ്യുതി ചാർജ് ഒടുക്കുന്നു

2017-18 വർഷം ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ കറൻറ്ചാർജ്ജ് ഒടുക്ക് പരിശോധിച്ചതിൽ ഉപയോഗിക്കാത്ത സാധാരണ ബൾബുകൾക്കും കറന്റ്ചാർജ്ജ് ഒടുക്കിയിട്ടുണ്ട്. ഇലക്ട്രിസിറ്റി ബോർഡിൽനിന്ന് ലഭ്യമാക്കിയ താരിഫ്പ്രകാരം സാധാരണ ബൾബുകളുടെ വൈദ്യുതിചാർജ്ജ് ഒടുക്കുന്നതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | നിരക്ക് | തുക(രൂപ) |
|---|---|---|---|
| 40 വാട്ട് സാധാരണ ബൾബ് | 611 | 66 | 40,326 |
| 60 വാട്ട് സാധാരണ ബൾബ് | 52 | 102 | 5,304 |
| 100 വാട്ട് സാധാരണ ബൾബ് | 3 | 167 | 501 |
| ആകെ | | | 46,131/- |

2017-18 വർഷം സാധാരണ ബൾബുകൾ ഉപയോഗിച്ചതായി കണക്കാക്കി ആകെ 5,53,572/-(46,131x12)രൂപ കെ.എസ്.ഇ.ബി. ഡിമാൻറ് നോട്ടീസ് നല്കിയിട്ടുള്ളതും പഞ്ചായത്ത് ടി തുക ഒടുക്കിയിട്ടുള്ളതുമാണ്. ആയതിനാൽ ഉപയോഗിക്കാത്ത സാധാരണ ബൾബുകൾക്ക് പഞ്ചായത്തിന്റെ തനതുഫണ്ടിൽനിന്നും ലക്ഷങ്ങൾ ചെലവഴിക്കുന്ന നടപടി അംഗീകരിക്കത്തക്കതല്ല. മുൻ ഓഡിറ്റ് റിപ്പോർട്ടിൽ സംയുക്തപരിശോധന നടത്തി ബൾബുകളുടെ എണ്ണം തിട്ടപ്പെടുത്തി തുക ക്രമീകരിച്ച് വിവരം അറിയിക്കണമെന്ന് നിർദ്ദേശിച്ചെങ്കിലും നാളിതുവരെ സംയുക്തപരിശോധന നടത്തിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സംയുക്തപരിശോധന നടത്തി തുക ക്രമീകരിച്ച് വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതും അധികം നൽകിയ തുക തിരികെ ഈടാക്കുകയോ, തടർന്നുള്ള ബില്ലുകളിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്. തുടർനടപടികൾ അറിയിക്കേണ്ടതാണ്. ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കാതെ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കുന്ന പ്രവണത തുടരുന്ന പക്ഷം വിഷയം നിയമസഭാസമിതി പരിഗണിക്കുന്ന സമാഹൃത റിപ്പോർട്ടിലേയ്ക്ക് ശുപാർശ ചെയ്യുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം.-14/30.01.19

## 3-3 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടാൻ കഴിയാത്ത അവസ്ഥയിൽ.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം-1, ആർട്ടിക്കിൾ 282 പ്രകാരം മൂന്ന് സാമ്പത്തിക വർഷത്തിൽ അധികം നിക്ഷേപകൻ അവകാശമുന്നയിക്കാത്ത നിക്ഷേപങ്ങൾ (Deposits) എല്ലാ സാമ്പത്തിക വർഷത്തിന്റെയും അവസാനം തനത്ഫണ്ട് അക്കൌണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക ബി-7 ഷെഡ്യൂൾ പ്രകാരം വിവിധ ഇനങ്ങളിലായി ലഭിച്ച ഡെപ്പോസിറ്റുകളിൽ 34,63,280/-രൂപ അവശേഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ടി തുകകൾ ഏതൊക്കെ വർഷങ്ങളിലായി ലഭ്യമായതാണെന്നുള്ള രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല. ആയതിനാൽ കാലഹരണപ്പെട്ട തുക എത്രയെന്ന് കണക്കാക്കുന്നതിനും ആയത് തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽ കൂട്ടാനും സാധിക്കുന്നില്ല. ഡെപ്പോസിറ്റ് തുകയുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ആയത് തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ഡെപ്പോസിറ്റിനത്തിൽ ലഭ്യമായ തുകയുടെ വർഷം തിരിച്ചുള്ള കണക്കുകൾ തയ്യാറാക്കി ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി കാലഹരണപ്പെട്ട തുകകൾ തനത്ഫണ്ടിൽ മുതൽകൂട്ടി വിവരം അറിയിക്കേണ്ടതുമാണ്. ടി വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം/തീയതി-11/30.1.19

## 3-4 വെള്ളക്കരം - സംയുക്തപരിശോധന നടത്തിയിട്ടില്ല.

കുടിവെള്ളടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 26 ടാപ്പുകൾക്ക് 438/- രൂപ നിരക്കിൽ ആകെ 11,375/-രൂപ ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് അടവാക്കുന്നുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയുമായിചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടില്ല. മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. പ്രവർത്തനരഹിതമായത്, ഉപയോഗയോഗ്യമായത് ഇവ

സംബന്ധിക്കുന്ന രജിസ്റ്റർ പരിപാലിക്കുന്നില്ല. ആയതിനാൽ പ്രവർത്തനരഹിതമായ കുടിവെള്ളടാപ്പുകൾക്ക് തുക അടവാക്കുന്നുണ്ടോയെന്ന് അറിയുവാൻ കഴിയുന്നില്ല. ജി.ഒ (ആർ.ടി)2242/2011 തസ്വഭവ തീയതി 28.9.11-നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശപ്രകാരം വാട്ടർ അതോറിറ്റിയുമായി ചേർന്ന് കുടിവെള്ള ടാപ്പുകളുടെ സംയുക്തപരിശോധന നടത്തേണ്ടതാണ്. ആയതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

### 3-5 ദിവസവേതനം -615/-രൂപ അധികം നൽകി.

| | |
|---|---|
| വൗച്ചർ നം. | 21700203/01.06.17 |
| അധികം നൽകിയ തുക | 615/-രൂപ |
| ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ശ്രീ.എം.മുരളീധരൻ, സെക്രട്ടറി |

ധനകാര്യവകുപ്പിന്റെ 28.04.17 ലെ സ.ഉ.(അച്ചടി) 56/17 -ാം നമ്പർ ഉത്തരവ് പ്രകാരം ഫുൾടൈം സ്വീപ്പറിന്റെ ദിവസവേതനം 630/- നിരക്കിൽ ഒരുമാസത്തേക്ക് അനുവദനീയമായ പരമാവധി തുക 17025/- രൂപയാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഫുൾടൈം സ്വീപ്പർ ശ്രീമതി.വത്സലയ്ക്ക് 5/17 വേതനമിനത്തിൽ 28 ദിവസത്തേക്ക് 17640/- രൂപ നൽകിയിട്ടുണ്ട്.അധികം നൽകിയ തുക 615/-രൂപ (17640-17025=615) .

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് തുക തിരികെ ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുക ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം/തീയതി-05/29.1.19

### 3-6 രേഖകൾ ഹാജരാക്കിയില്ല-26,020/- രൂപ തടസ്സപ്പെടുത്തുന്നു.

2017-18 സാമ്പത്തിക വർഷത്തെ തനത്ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന വൗച്ചറുകൾ പ്രകാരം ചെലവഴിച്ച തുകയുടെ രേഖകൾ ഹാജരാക്കിയിട്ടില്ല.വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വൗച്ചർനം./ തീയതി | തുക(രൂപ) | ഉദ്ദേശ്യം | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|---|
| 1 | 21700037/ 10.04.17 | 20,730/- | ഇലക്ട്രിക്പോസ്റ്റ് സ്ഥാപിക്കൽ, സ്ട്രീറ്റ് മെയിൻവലിക്കൽ-അസി.എഞ്ചിനിയർ, ഇലക്ട്രിക് സെക്ഷൻ,കുളക്കട | വിനിയോഗ സാക്ഷ്യപത്രം |
| 2 | 21700044/ 18.04.17 | 5,290/- | ബെയിലിപാലം ഉദ്ഘാടനത്തിന് മൊമെന്റോ വാങ്ങിയത് | ബിൽ,കൈപ്പറ്റ് |

| | | | |
|---|---|---|---|
| ആകെ | 26,020/- | | |

രേഖകളുടെ അഭാവത്തിൽ ചെലവ് തുക 26,020/- രൂപ തടസ്സപ്പെടുത്തുന്നു. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.-05/29.01.19

തടസ്സം-26,020/-രൂപ

**3-7** ഭവനപുനരുദ്ധാരണം - വിശദമായ എസ്റ്റിമേറ്റ് ഇല്ലാതെ പ്രവൃത്തിയുടെ വാല്യൂവേഷൻ നടത്തി ആനുകൂല്യം നൽകുന്നു. പ്രവൃത്തിയുടെ വാല്യൂവേഷൻ നടത്തി ആനുകൂല്യം നല്കുന്നു.

പഞ്ചായത്ത് നടപ്പിലാക്കിയ ഭവനപുനരുദ്ധാരണം (എസ്.സി.പി), ഭവനപുനരുദ്ധാരണം (വൃദ്ധർ) എന്നീ പദ്ധതികളിൽ ഉടമസ്ഥന്റെ വിശദമായ എസ്റ്റിമേറ്റ് വാങ്ങി ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തി വേണം സബ്സിഡി നല്കേണ്ടതെന്ന് പദ്ധതി സംബന്ധിച്ചുള്ള സബ്സിഡി മാർഗ്ഗരേഖയിൽ (ജി.ഒ.(എം.എസ്)നം.80/2017 ത.സ്വ.ഭ.വ, 03.04.2017) പ്രതിപാദിക്കുന്നു. ആയതിന് വിരുദ്ധമായി പ്രസ്തുത പ്രവൃത്തിയിൽ വിശദമായ എസ്റ്റിമേറ്റ് ഇല്ലാതെ പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തി സബ്സിഡി തുകയായ 50,000/-രൂപ ഗുണഭോക്താക്കൾ കൈപ്പറ്റി. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) പദ്ധതിയുടെ പേര് ഭവനപുനരുദ്ധാരണം (എസ്.സി)

പദ്ധതി നമ്പർ SO.138/2018

പദ്ധതി അടങ്കൽ -16,25,000/-രൂപ
വികസന ഫണ്ട് (എസ്.സി.പി) -16,11,930/-രൂപ

തനത് ഫണ്ട് -13,070/-രൂപ

പദ്ധതി ചെലവ്- 11,50,000/-രൂപ

ഭരണാനുമതി 1(1) 11.04.2017

നിർവ്വഹണം അസി.സെക്രട്ടറി

| ക്രമ.നമ്പർ | ഗുണഭോക്താവിന്റെ പേര് | വാർഡ് | ബിൽ നമ്പർ/ ബിൽ തുക | നൽകിയ തുക |
|---|---|---|---|---|
| 1 | സുമതി,<br>ഇലയിലെ തുണ്ടിൽ | 6 | 22/17-18<br>തീയതി,27.09.2017<br>തുക 4,50,000/- | 1,50,000/- |
| 2 | രമണി.പി.ആർ<br>അംബുജത്തിൽ | 4 | 22/17-18<br>തീയതി,27.09.2017<br>തുക 4,50,000/- | 1,50,000/- |
| 3 | അജയകുമാർ.പി.ടി<br>തടത്തിൽ പുത്തൻവീട് | 8 | 22/17-18<br>തീയതി,27.09.2017<br>തുക 4,50,000/- | 1,50,000/- |
| 4 | ഭാനുമതി,<br>പാവക്കാല വീട് | 2 | 14/17-18<br>തീയതി<br>27.07.2017 | 3,00,000/- |

| | | | | |
|---|---|---|---|---|
| | | | തുക 12,00,000/- | |
| 5 | കൃഷൻകുട്ടി,<br>മുത്താടത്ത് വീട് | 3 | 14/17-18<br>തീയതി<br>27.07.2017<br>തുക12,00,000/- | 3,00,000/- |
| 6 | തങ്കമണി,<br>മാഞ്ഞുണ്ടിൽ വീട് | 12 | 14/17-18<br>തീയതി,27.07.2017<br>തുക 12,00,000/- | 3,00,000/- |
| 7 | കുഞ്ഞുപെണ്ണ്,പാപ്പനാട്<br>താഴതിൽ | 8 | 14/17-18<br>തീയതി,27.07.2017<br>തുക 12,00,000/- | 3,00,000/- |

<u>(2) ഭവനപുനരുദ്ധാരണം (എസ്.സി.പി വൃദ്ധർ)</u>

പദ്ധതി നമ്പർ എസ്.ഒ.144/2018

പദ്ധതി അടങ്കൽ വികസന ഫണ്ട് (എസ്.സി.പി) -6,00,000/-രൂപ

പദ്ധതി ചെലവ് -5,00,000/-രൂപ

ഭരണാനുമതി 1(1) 11.04.2017

നിർവ്വഹണം അസി.സെക്രട്ടറി

| ക്രമ.നമ്പർ | ഗുണഭോക്താവിന്റെ പേര് | വാർഡ് | ബിൽ നമ്പർ/ ബിൽതുക | നൽകിയ തുക |
|---|---|---|---|---|
| 1 | കുട്ടൻ,<br>ചരുവിള വീട് | 1 | 13/17-18 തീയതി<br>30.06.2017<br>തുക-4,00,000/- | 2,00,000/- |
| 2 | കമലമ്മ,<br>കൊച്ചുവിള | 8 | 13/17-18 തീയതി<br>30.06.2017<br>തുക-4,00,000/- | 2,00,000/- |
| 3 | അയ്യപ്പൻ.എ<br>പുന്തല കുന്നിൽ | 6 | 17/17-18 തീയതി<br>22.08.2017<br>തുക- 50,000/- | 50,000/- |
| 4 | വിലാസിനി,<br>മാഞ്ഞുണ്ടിൽ<br>മേലതിൽ | 12 | 23/17-18<br>തീയതി.26.10.2017<br>തുക-50,000/- | 50,000/- |
| 5 | സുശീല,<br>ചരുവിള വീട് | 16 | 21/17-18 തീയതി<br>27.09.2017<br>തുക -50,000/- | 50,000/- |

മേൽ വിഷയം സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ഹാജരാക്കിയ മറുപടിയിൽ

ഗുണഭോക്താക്കളിൽ നിന്നും അവർ ചെയ്ത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് വാങ്ങി ഓഡിറ്റിന് ബോധ്യപ്പെടുത്തുമെന്നാണ് വിശദമാക്കിയിട്ടുള്ളത്. നടപടിക്രമങ്ങൾ പാലിക്കാതെ തുക അനുവദിച്ച് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും എസ്റ്റിമേറ്റ് അടിയന്തിരമായി ഹാജരാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 8/30.01.2019

## 3-8 വിനിയോഗരേഖകൾ ഹാജരാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു.

സെക്രട്ടറി, അസി.സെക്രട്ടറി എന്നിവർ തൻവർഷം നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകൾ സംബന്ധിച്ച വിനിയോഗരേഖകളൊന്നും തന്നെ ഹാജരാക്കിയിട്ടില്ല.

| നിർവ്വഹണം | പദ്ധതിയുടെ പേര്/ഫണ്ട് | തുക നിക്ഷേപിച്ചത് | ബിൽ നം/ തുക |
|---|---|---|---|
| അസി. സെക്രട്ടറി | വൈദ്യുതലൈൻ സ്ഥാപിക്കൽ (എസ്.ഒ.വികസനഫണ്ട് (എസ്.സി.പി) | ഇലക്ട്രിക്കൽ സെക്ഷൻ കൊട്ടാരക്കര | 19/17-18 / 26.09.2017 47,600/-രൂപ |
| | | ഇലക്ട്രിക്കൽ സെക്ഷൻ, പുത്തൂർ | 28/17-18 തീയതി.14.03.2018 93,970/-രൂപ |
| | | ഇലക്ട്രിക്കൽ സെക്ഷൻ, കുളക്കട | 28/17-18 തീയതി. 14.03.2018 4,56,389/-രൂപ |
| | | | 31/17-18 തീയതി. 24.03.2018 49,862/-രൂപ |
| | സങ്കേതങ്ങളിൽ വാട്ടർ ലൈൻ എക്സ്റ്റൻഷൻ (എസ്.ഒ 205/2018), വികസനഫണ്ട്. (എസ്.സി.പി) | എക്സിക്യൂട്ടീവ് എൻജിനീയർ, KWA,PH Division, കൊട്ടാരക്കര | 24/17-18 തീയതി 12.01.2018-3,19,436/-രൂപ 20/17-18 തീയതി26.09.2017 11,80,564/-രൂപ 32/17-18 തീയതി. 24.03.2018 4,00,000/-രൂപ |
| സെക്രട്ടറി | ഐ.കെ.എം. വിഹിതം നൽകൽ (3/18) വികസനഫണ്ട്. | ഐ.കെ.എം | 5/31-7-17= 1,00,000/-രൂപ |

വിനിയോഗരേഖകൾ ഹാജരാക്കാത്തതിനാൽ 26,47,821/-രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗരേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.15/30.1.2019

തടസ്സം-26,47,821/-രൂപ

## 3-9 വായനശാലകൾക്ക് ഫർണിച്ചർ-അഫിലിയേഷൻ സർട്ടിഫിക്കറ്റ് ഇല്ല 1,99,928/-

<u>രൂപ തടസ്സപ്പെടുത്തുന്നു.</u>

പദ്ധതി നം.111/18

അടങ്കൽ തുക-2,00,000/-രൂപ (വികസന ഫണ്ട്)

ബിൽ നം.11/23-3-18

ചെലവഴിച്ച തുക=199928/-രൂപ

നിർവ്വഹണഉദ്യോഗസ്ഥ-ഹെഡ് മിസ്ട്രസ്

പഞ്ചായത്തിലെ 15 വായനശാലകൾക്ക് കസേരയും, ബുക്ക്ഷെൽഫ് അലമാരയും നൽകുക എന്നതായിരുന്നു പദ്ധതി. ഇതിലേയ്ക്കായി 5 ബുക്ക് ഷെൽഫ് അലമാരയും 331 കസേരയും തമ്പുരാൻ കാലയിൽ ട്രേഡ് ലിങ്കസ് എന്ന സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ മുഖേന വാങ്ങി. മാനദണ്ഡങ്ങൾ പ്രകാരം ലൈബ്രറികൗൺസിലിൽ അഫിലീയേഷൻ ഉള്ളവയ്ക്കാണ് ആനുകല്യത്തിന് അർഹത. എന്നാൽ ലൈബ്രറികൗൺസിൽ അഫിലിയേഷൻ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ലിസ്റ്റായതിനാൽ അഫിലിയേഷൻ രേഖകൾ സൂക്ഷിച്ചിട്ടില്ല എന്ന് അറിയിച്ചു. അഫിലിയേഷൻ രേഖകൾ ഇല്ലാതെ ലൈബ്രറികൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി തുക ചെലവഴിച്ചത് ഓഡിറ്റ് അംഗീകരിക്കുന്നില്ല.
വായനശാലകൾക്കായി 331 കസേരകൾ വാങ്ങിയതിൽ 300 എണ്ണം മാത്രമാണ് വിതരണം ചെയ്തത്. ഇത് സംബന്ധിയായി നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ഗവ.എൽ.പി.എസ് പൂവറ്റൂരിലെ ഓഡിറ്റോറിയത്തിൽ ധാരാളം പരിപാടികൾ നടക്കുന്നതിനാൽ അവിടത്തെ ആവശ്യത്തിലേക്ക് കസേരകൾ ഉപയോഗിക്കുന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. പഞ്ചായത്ത് പരിധിയിലെ ലൈബ്രറികളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയിൽ ഉപയോഗിക്കേണ്ട ഉപകരണങ്ങൾ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് അംഗീകരിക്കാനാവില്ല. സ്കൂളിൻെറ ആവശ്യത്തിനായി ഉപയോഗിക്കുന്ന 31 കസേരകൾ അംഗീകൃത ലൈബ്രറിക്ക് നൽകുകയോ അല്ലാത്ത പക്ഷം അവയുടെ വില നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.
മേൽ വിവരിച്ച കാരണങ്ങളാൽ ഈ ഇനത്തിൽ നൽകിയ 1,99,928/-രൂപ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സം- 1,99,928/- രൂപ

ഓഡിറ്റ് എൻക്വയറി-1/24-1-19

## 3-10 <u>പ്രതിഭാ സംഗമവും സ്കോളർഷിപ്പും ചെലവ് തടസ്സപ്പെടുത്തുന്നു.</u>

പദ്ധതി നം.114/18

അടങ്കൽ തുക-1,00,000/-രൂപ (തനത് ഫണ്ട്)

ചെലവഴിച്ച തുക= ചെക്ക് നം.-023833/7-8-17=50000/-

ചെലവഴിച്ച തുക= ചെക്ക് നം.-023872/25-8-17=27,442/-

നിർവ്വഹണഉദ്യോഗസ്ഥ-ഹെഡ് മിസ്ട്രസ്

പഞ്ചായത്തിലെ വിദ്യാർത്ഥികളിൽ അക്കാദമികമായും അക്കാദമികേതര പ്രവർത്തനങ്ങളിലും ഉന്നതനിലവാരം പുലർത്തിയ കുട്ടികളെ കണ്ടെത്തി ആദരിക്കുന്നതായിരുന്നു പദ്ധതി.ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന ന്യൂനതകൾ നിലനിൽക്കുന്നു.

1) 7600/-രൂപയുടെ പുസ്തകങ്ങൾ വാങ്ങി. എന്നാൽ ആയതിന്റെ ബില്ല്, പുസ്തകം സംബന്ധിച്ച രേഖകൾ, വിനിയോഗം എന്നിവ ഇല്ല

2) ട്രോഫി, മെമന്റോ, ബാഡ്ജ്, വുഡൻ മെമന്റോ എന്നിവ 109എണ്ണം വാങ്ങി. 84 കുട്ടികളുടെ പട്ടിക ഫയലിൽ ഉണ്ട്. എന്നാൽ എത്ര പ്രതിഭകൾ ആദരിക്കപ്പെട്ടു, വിതരണം നടത്തിയതിയ വിവിധ ഇനങ്ങളുടെ സ്റ്റോക്ക്, നിക്കിയിരുപ്പ് എന്നിവ ഇല്ല. കൈപറ്റാത്ത ട്രോഫി,മെമന്റോ എന്നിവ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ കുട്ടികളുടെ ഫോട്ടോ

പതിച്ചിട്ടുള്ളതിനാൽ ഇവ പുനരുപയോഗിക്കാൻ സാധ്യമല്ല. ആയതിനാൽ ഇവയുടെ നഷ്ടം കണക്കാക്കി നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പുസ്തകങ്ങൾ വാങ്ങിയതിന്റെ വിവരങ്ങൾ ഇല്ലാത്തിനാൽ 7600/-രൂപ തടസ്സപ്പെടുത്തുന്നു. ന്യൂനതകൾ സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.
തടസ്സം-7600/-രൂപ

ഓഡിറ്റ് എൻക്വയറി-1/24-1-19

**3-11** <u>പി.എസ്.സി.കോച്ചിംഗ്- സബ്സിഡി മാർഗ്ഗരേഖയിലില്ലാത്ത പദ്ധതി-**1,00,000**രൂപ നിരാകരിക്കുന്നു നടപ്പിലാക്കി.</u>

പദ്ധതി നം.120/18

അടങ്കൽ തുക-1,00,000/-രൂപ (തനത് ഫണ്ട്)

ചെലവഴിച്ച തുക= ചെക്ക് നം.-023938/14-9-17=5300/-രൂപ

ചെലവഴിച്ച തുക= ചെക്ക് നം.-5465726/16-3-18=94,700/-രൂപ

നിർവ്വഹണഉദ്യോഗസ്ഥ-ഹെഡ് മിസ്ട്രസ്

അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് മത്സരപരിക്ഷയിലൂടെ തൊഴിൽ നേടുന്നതിനുള്ള പരിശീലനം നൽകുക എന്നതായിരുന്നു പദ്ധതി. വണ്ടിവാടക, മൈക്ക് സെറ്റ് ഇനത്തിൽ 5300/-രൂപയും, 2017 സെപ്റ്റംബർ മുതൽ 2018 ഫെബ്രുവരി വരെ പരിശീലനത്തിനുള്ള ഫീസിനത്തിൽ 8 അദ്ധ്യാപകർക്ക് 94,700/- രൂപയും നൽകിയിട്ടുണ്ട്. ഫയൽ പ്രകാരം 87 വിദ്യാർത്ഥികൾ കോച്ചിംഗിൽ പങ്കെടുത്തു. സർക്കാർ ഉത്തരവ് നം.80/2017 തീയതി 3/4/2017 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 13 പരിശീലനത്തിന് മാത്രമായി പദ്ധതി വയ്ക്കാൻ പാടില്ല. ആയതിനാൽ ഈ ഇനത്തിൽ നൽകിയ 1,00,000/-രൂപ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യാഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്. പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ആയത് സബ്സിഡി മാർഗ്ഗരേഖ പ്രകാരം നടപ്പിലാക്കാവുന്നതാണോ
എന്ന് നിർവ്വഹണഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.
നിരാകരിച്ച തുക-1,00,000/- രൂപ

ഓഡിറ്റ് എൻക്വയറി-1/24-1-19

**3-12** <u>പത്താംക്ലാസ്സ് തുല്യത പരീക്ഷ -ആവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.**42,550/-**രൂപ തടസ്സപ്പെടുത്തുന്നു</u>

പദ്ധതി നം.115/18

അടങ്കൽ തുക-50,000/-രൂപ (തനത് ഫണ്ട്)

ചെലവഴിച്ച തുക=ചെക്ക് നം.-5465733/31-3-18=42,550/-

നിർവ്വഹണ ഉദ്യോഗസ്ഥ-ഹെഡ് മിസ്ട്രസ്

23 പഠിതാക്കൾക്ക് 1,850/- രൂപ എന്ന ക്രമത്തിൽ ജില്ലാ സാക്ഷരതാ മിഷന് തുക കൈമാറി. എന്നാൽ പത്താംക്ലാസ്സ് തുല്യത പരീക്ഷയിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ ഹാജർ, കോഴ്സ്മെറ്റീരിയൽ നൽകിയതിന്റെ വിവരം, പരീക്ഷയിൽ പങ്കെടുത്തതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രേരക് മാർ ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല എന്നാണ് നിർവ്വഹണഉദ്യോഗസ്ഥ അറിയിച്ചത്.

ആവശ്യമായ രേഖകൾ ഇല്ലാത്തതിനാൽ ഈ ഇനത്തിൽ നൽകിയ 42,550/-രൂപ തടസ്സപ്പെടുത്തുന്നു.സർട്ടിഫിക്കറ്റ് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സം-42,550/-രൂപ

ഓഡിറ്റ് എൻക്വയറി-1/24-1-19

**3-13** <u>ആർട്ട്സ് **&** സ്പോർട്ട്സ് ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ്-പരിധി കഴിഞ്ഞ് നൽകിയ **1,59,600/-** രൂപ നിരാകരിക്കുന്നു</u>
നം.117/18

അടങ്കൽ തുക-2,00,000/-രൂപ (പ്ലാൻ ഫണ്ട്)

ബിൽ നം.10/21-3-18

ചെലവഴിച്ച തുക=197600/-രൂപ

നിർവ്വഹണഉദ്യോഗസ്ഥ-ഹെഡ് മിസ്ട്രസ്

പഞ്ചായത്ത്/സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും അതിലൂടെ യുവജനങ്ങളുടെ കലാകായിക പ്രവർത്തനങ്ങൾ ഗ്രാമതലത്തിൽ പോൽസാഹിപ്പിക്കുക എന്നതായിരുന്നു പദ്ധതി. ഓഡിറ്റിനോടനുബന്ധിച്ചുള്ള പരാമർശങ്ങൾ ചുവടെ.

1) 19 ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബുകൾക്ക് KICO സ്പോർട്ട്സ് എന്ന സ്ഥാപനത്തിൽ നിന്ന് സ്പോർട്ട്സ് കിറ്റുകൾ ( വോളിബോൾ, ഫുട്ബോൾ, ക്രിക്കറ്റ്) നൽകിയിട്ടുണ്ട്. എന്നാൽ ക്ലബ്ബുകളുടെ രജിസ്ട്രേഷൻ രേഖകൾ ഇല്ല.

2)സബ്സിഡി മാർഗ്ഗരേഖ 80/2017, തീയതി.3.4.2017, ഖണ്ഡിക 32.10 പ്രകാരം

പ്രത്യേകമായി കോച്ചിംഗ് ക്യാമ്പ് സംഘടിപ്പിക്കുന്ന യൂത്ത് ക്ലബ്ബുകൾ ഒഴികെയുള്ളവയ്ക്ക് 2,000/- രൂപയിൽ അധികമാകാത്ത സ്പോർട്ട്സ് ഉപകരണങ്ങളാണ് പ്രോജക്ട് പ്രകാരം നൽകേണ്ടിയിരുന്നത്. ആകെ 1,97,600/-രൂപ ചെലവഴിച്ചാണ് സ്പോർട്ട്സ് കിറ്റുകൾ വാങ്ങിയത്. പരമാവധി 38,000/- രൂപ ചെലവാക്കേണ്ടിയിരുന്ന സ്ഥാനത്താണിത്. ഈ ഇനത്തിൽ 1,59,600 (1,97,600-38,000) അധികം ചെലവഴിച്ചു. രജിസ്ട്രേഷൻ, അധികം തുക നൽകിയത് എന്നിവ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 28/3/18 -ലെ പഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമാണ് കിറ്റുകൾ ക്ലബ്ബുകൾക്ക് നൽകിയതെന്നും,സബ്സിഡി പരിധി സംബന്ധിച്ച് അറിവില്ലായിരുന്നു എന്നും മറുപടി നൽകി. സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പദ്ധതി ചെലവുകൾ നടത്തേണ്ടത് നിർവ്വഹണോദ്യഗസ്ഥരുടെ ഉത്തരവാദിത്വമാണ്. ആയതിനാൽ പരിധി കഴിഞ്ഞ് നൽകിയ

1,59,600/-രൂപ നിരാകരിക്കുന്നു. അധികം നൽകിയ തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.
നിരാകരിച്ച തുക-1,59,600/- രൂപ
ഓഡിറ്റ് എൻക്വയറി-1/24-1-19

**3-14** <u>കറവപശുക്കൾക്കുള്ള കാലീത്തിറ്റ വിതരണം-ബിൽ കൃത്യമല്ല ചെലവ് തടസ്സപ്പെടുത്തുന്നു.</u>
1)<u>പദ്ധതി നം.106/18</u>

അടങ്കൽ തുക-14,00,000/-രൂപ (പ്ലാൻ ഫണ്ട്=7,00,000 &ഗുണ.വി= 7,00,00)

ചെലവഴിച്ച തുക=7,00,000/-രൂപ
(ബിൽ നം.3/15-3-18=5,00,000& ബിൽ നം.7/24-3-18=2,00,000)

2)<u>പദ്ധതി നം.110/18</u>
അടങ്ങൽ തുക-4,00,000/-രൂപ
(എസ്.സി.പി=2,50,000/-രൂപ& ഗുണ.വി=1,50,000/-രൂപ)

ചെലവഴിച്ച തുക=2,50,000/-രൂപ
(ബിൽ നം.5/22-3-18 =1,25,000/-രൂപ& ബിൽ നം10/24-3- 18=1,25,000/-രൂപ)

നിർവ്വഹണഉദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

പദ്ധതി നം.106/18 പ്രകാരം 350പശുക്കൾക്ക് 2,000/- രൂപ ക്രമത്തിൽ 7,00,000 /-രൂപക്കും, പദ്ധതി നം.110/18 പ്രകാരം 100പശുക്കൾക്ക് 2,500/-രൂപ ക്രമത്തിൽ 2,50,000/-രൂപക്കും കറവപശുക്കൾക്കുള്ള കാലീത്തിറ്റ, ധാതുലവണമിശ്രിതം എന്നിവ നൽകുന്നതായിരുന്നു പദ്ധതിയിൽ വിഭാവനം ചെയ്തതിരുന്നത്. താഴെ പറയുന്ന ബില്ലുകൾ പ്രകാരം താഴത്തുകുളക്കട KUCS-ൽ നിന്ന് കാലീത്തിറ്റ ഇറക്കിയതിന് തുകകൾ നൽകിയിരുന്നു.

| ബിൽ നം/തീയതി | തുക (രൂപ) |
|---|---|
| പദ്ധതിനം. 106/18<br>3/15-3-18 | 2,30,000/-<br>(ആകെ 5,00,000/- രൂപയിൽ<br>2,30,000/-രൂപ കാലീത്തിറ്റക്ക് നൽകി) |
| 7/24-3-18 | 2,00,000 |
| പദ്ധതി നം.110/18<br>5/22-3-18 | 1,25,000/-രൂപ |
| 10/24-3-18 | 1,25,000/-രൂപ |

പ്ലാൻ ഫണ്ടിൽ നിന്ന് നൽകിയ 6,80,000/-രൂപയുടെ KUCS-ന്റെ ചെലവ് ബില്ല്/ഉണഭോക്തൃവിഹിതം ഉൾപ്പെടയുള്ള തുകയുടെ ചെലവ് ബില്ല് എന്നിവ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടെങ്കിലും ലഭിച്ചില്ല. ആയതിനാൽ പ്ലാൻ ഫണ്ടിൽ നിന്ന് നൽകിയ 6,80,000/-രൂപ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സം-6,80,000/-രൂപ

ഓഡിറ്റ് എൻക്വയറി-17/31-1-19

**3-15** <u>ആട്, കിടാരി പദ്ധതികൾ–പർച്ചേസിംഗ് കമ്മിറ്റി അംഗീകരിച്ച വ്യക്തിയിൽ നിന്നും വാങ്ങലുകൾ നടത്തിയിട്ടില്ല. **13,43,750/-**രൂപ തടസ്സപ്പെടുത്തുന്നു.</u>

തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.പി.259/2010 തസ്വഭവ 8/11/2010 പ്രകാരം ഒരു പർച്ചേസിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ട്. വെറ്റിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായ ആട്, കിടാരി വിതരണ പദ്ധതികളിൽ പർച്ചേസിംഗ് കമ്മിറ്റി 14-2-18-ന് അംഗീകരിച്ച വ്യക്തിയായ റഹീം, ജലാൽ മൻസിൽ എന്നയാളിൽ നിന്നും വാങ്ങലുകൾ നടത്തുന്നതിനു പകരം മറ്റ് വ്യക്തികളിൽ നിന്നും വാങ്ങലുകൾ നടത്തി. വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര്/നം. | ബിൽനം./തിയതി. /ചെലവ് തുക | പർച്ചേസിംഗ് കമ്മിറ്റി അംഗീകരിച്ച വ്യക്തി | ബിൽ പ്രകാരമുള്ള വ്യക്തി |
|---|---|---|---|
| ആട് വളർത്തൽ (126/18) വികസനഫണ്ട്-2,81,250 ഗുണഭോക്തൃ വിഹിതം-93,750 | 9/24-3-18= 2,81,250/-രൂപ | റഹീം, ജലാൽമൻസിൽ അംബ്ബിപൊയ്ക, കുണ്ടറ | നൂർജഹാൻ.ആർ, സിദ്ദിഖ്മൻസിൽ, പുനക്കന്നൂർ |
| കിടാരി വിതരണം (225/18) വികസനഫണ്ട്-6,50,000 | 2/2-3-18= 5,00,000/-രൂപ 6/24-3-18= 1,50,000/-രൂപ (6,50,000/-) | റഹീം, ജലാൽമൻസിൽ അംബ്ബിപൊയ്ക, കുണ്ടറ | മുഹമ്മദ്സിദ്ദിഖ്.എ സിദ്ദിഖ് മൻസിൽ, പുനക്കന്നൂർ |
| കിടാരി വിതരണം. എസ്.സി. (133/18) എസ്.സി,പി-4,12,500 ഗുണ:വി-1,37,500 | 4/22-3-18= 2,62,500/-രൂപ 8/24-3-18= 1,12,500/-രൂപ 13/24-3-18= 37,500/-രൂപ (4,12,500/-) | റഹീം, ജലാൽമൻസിൽ അംബ്ബിപൊയ്ക, കുണ്ടറ | നൂർജഹാൻ .ആർ, സിദ്ദിഖ് മൻസിൽ, പുനക്കന്നൂർ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയിൽ പർച്ചേസിംഗ് കമ്മിറ്റി അംഗീകരിക്കാത്ത വ്യക്തിയുടെ പേരിൽ ബിൽ എടുത്തതിന്റെ വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 13,43,750/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പർച്ചേസിംഗ് കമ്മിറ്റി അംഗീകരിച്ച വ്യക്തിയിൽ നിന്നും വാങ്ങാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി -17-31/1/19

തടസ്സം-13,43,750/-രൂപ

**3-16** തെരുവ് വിളക്ക് മെയിന്റനൻസ് -രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.**8,47,912/-** രൂപ തടസ്സപ്പെടുത്തുന്നു.

.പദ്ധതി നം.148/18 (സ്പിൽ ഓവർ)

അടങ്കൽ തുക-10,00,000/-രൂപ

(വികസന ഫണ്ട്-8,10,003/-രൂപ & തനത് ഫണ്ട് -1,89,997/-രൂപ)

ചെലവഴിച്ച തുക=5,88,220/-രൂപ (ബിൽ നം.4/31-7-17)(ഉപകരണം വാങ്ങിയത്)

24,975 /-രൂപ (ബിൽ നം.8/21-8-17) (ഇലക്ട്രീഷന് നൽകിയ തുക)

24,375/-രൂപ (ബിൽ നം.10/13-9-17) (ഇലക്ട്രീഷന് നൽകിയ തുക)

21,825/-രൂപ (ബിൽ നം.18/27-11-17) (ഇലക്ട്രീഷന് നൽകിയ തുക)

92,992/- രൂപ (ബിൽ നം.23/15-2-18) (ഉപകരണം വാങ്ങിയത്)

23,725/-രൂപ (ബിൽ നം.24/15-2-18)(ഇലക്ട്രീഷന് നൽകിയ തുക)
71,800/- രൂപ (വൗച്ചർ നം.21701411/31-3-18)(തനത് ഫണ്ട്)

നിർവ്വഹണഉദ്യോഗസ്ഥൻ-സെക്രട്ടറി

തെരുവ് വിളക്ക് മെയിൻറ്റനൻസിനായി കൊച്ചുമേലതിൽ ഏജൻസിസ്എന്ന സ്ഥാപനത്തിൽ നിന്നും 28/5/17ലെ നം.- k3-4252/16 കത്തും സപ്ലൈ ഓഡർ പ്രകാരവും 21/6/17 &4/12/17 തീയതികളിൽ ചുവടെ ചേർക്കുന്ന ഉപകരണങ്ങൾ വാങ്ങി.

| | ഇനം | എണ്ണം |
|---|---|---|
| 1 | ട്യൂബ് -36W | 1000 |
| 2 | സി.എഫ്.എൽ.-20W | 535 |
| 3 | സി.എഫ്.എൽ ഹോൾഡർ | 500 |
| 4 | സി.എഫ്.എൽ ഷെയ്ഡ് | 590 |
| 5 | അലൂമിനിയം വയർ 1.5 | 30 |
| 6 | അലൂമിനിയം വയർ2.5 | 1 |
| 7 | 36/40W ഇലക്ട്രോണിക്ക് ചോക്ക് | 100 |
| 8 | 36/40W കോപ്പർ ചോക്ക് | 400 |
| 9 | ഇൻസുലേഷൻ ടേപ്പ് | 87 |
| 10 | 250W LED Flood Light Fittings | 12 |
| 11 | 3 Fase ELCB | 2 |
| 12 | MCB | 2 |
| 13 | 3 Face Contactor | 2 |
| 14 | Timer | 2 |
| 15 | 25W LED Street Light | 16 |

1)ഓഡിറ്റിന് ഹാജരാക്കിയ ഫയലുകൾ, രജിസ്റ്ററുകൾ (മെയിന്റനൻസ്, സ്റ്റോക്ക് ഇൻ,സ്റ്റോക്ക് ഔട്ട്) നിന്ന് മേൽ ഉപകരണങ്ങളുടെ ദിവസേനയുള്ള വിതരണം, വിനിയോഗം, നീക്കിയിരുപ്പ് എന്നിവയുടെ വിവരങ്ങൾ ലഭ്യമല്ല. വിവിധ വൗച്ചറുകളിൽ സി.എഫ്.എൽ, ട്യൂബ് എന്നിവ മാറ്റിയ പോസ്റ്റുകളുടെ നംപർ മെംബർമാർ അംഗീകരിച്ച് അതിൻ പ്രകാരം ഇലക്ട്രീഷ്യന് വേതനം നൽകുന്നുണ്ടെങ്കിലും, ഓരോ വാർഡിലെയും പോസ്റ്റുകളുടെ എണ്ണം സംബന്ധിച്ച രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യതിന് ശേഷമുള്ള കേടായ ഉപകരണങ്ങൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ ഓഫ് അൺസർവീസബിൾ ഐറ്റംസ് സൂക്ഷിച്ചിട്ടില്ല.

2)പുത്തൂർ,പൂവാറ്റൂർ ജംഗ്ഷനുകളിലെ ഹൈമാസ്റ്റ് ലൈറ്റുകൾ LED ആക്കി മാറ്റുന്നതിന് ക്രമനമ്പർ 10 മുതലുള്ള ഇനങ്ങൾ വാങ്ങിയെങ്കിലും ആയത് സ്റ്റോക്കിൽ എടുത്തതിന്റെയും, റിപ്പയർ ചെയ്യതിന്റെയും രേഖകൾ ഇല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കെ.എസ്.ഇ.ബിയുടെ സഹായത്തോടെ രജിസ്റ്ററുകൾ കൃത്യമാക്കി സമർപ്പിക്കാം എന്ന മറുപടിയാണ് ലഭ്യമാക്കിയത്. തെരുവ് വിളക്കുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമാക്കി സൂക്ഷിക്കാത്തിനാൽ ഈ ഇനത്തിൽ നൽകിയ 8,47,912/- രൂപ തടസ്സപ്പെടുത്തുന്നു. തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്ററുകൾ ഉത്തരവാദിയായ ഉദ്യോഗസ്ഥർ സമയബന്ധിതമായി പരിശോധിച്ച് കൃത്യത ഉറപ്പാക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് ഡയറക്ടറുടെ അടാട്ട് മോഡൽ തെരുവ് വിളക്ക് ഉത്തരവ് നം. ജി.2-44274/2015 തീയതി-17/8/15-ലെ നിർദ്ദേശങ്ങൾ പ്രകാരം രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതുമാണ്. മേൽ വിവരിച്ച കാരണങ്ങളാൽ ഈ പദ്ധതിയ്ക്കായി ചെലവഴിച്ച 8,47,912/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി-18/1-2-19

തടസ്സം-8,47,912/-രൂപ

**3-17** <u>പഞ്ചായത്ത് ഓഫീസ് ഒന്നാം നില വയറിംഗ്**-17,490/-**രൂപ ലഭിച്ചിട്ടില്ല.</u>

സെക്രട്ടറി നിർവ്വഹണ ഉദ്യാഗസ്ഥനായ പദ്ധതി നം.147/18 പുതിയ പഞ്ചായത്ത് ഓഫീസ് ഒന്നാം നില വയറിംഗ് പദ്ധതിയിൽ പി.ഡബ്ള്യൂ.ഡിക്ക് അടച്ച തനത് ഫണ്ട് 1,11,087/- രൂപയിൽ മിച്ചം വന്ന 42,835/-രൂപ പദ്ധതി നം.229/18 പ്രകാരം പുതിയ പഞ്ചായത്ത് കോൺഫറൻസ് ഹാൾ വയറിംഗിന് 25,345/-രൂപ വിനിയോഗിച്ചു. എന്നാൽ മിച്ചം വന്ന 17,490/-രൂപ 16/6/18 ലെ കെ 3/111/17 നമ്പർ കത്ത് പ്രകാരം പി.ഡബ്ള്യൂ.ഡി ഇലക്ട്രിക്കൽ വിഭാഗത്തോട് ആവശ്യപ്പെട്ടെങ്കിലും നാളിതുവരെ ലഭിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്ന് സെക്രട്ടറി അറിയിച്ചു. പി.ഡബ്ള്യൂ.ഡി ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്ന് തുക ലഭിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശാദാംശം ചുവടെ

| പദ്ധതിയുടെ പേര്/നം. | ബിൽനം./തീയതി. /ചെക്ക് നം | ചെലവഴിച്ച തുകയുടെ വിവരം | | ആകെ | റിമാർക്ക്സ് |
|---|---|---|---|---|---|
| പുതിയ പഞ്ചായത്ത് ഓഫീസ് ഒന്നാം നില വയറിംഗ് (147/18) | 16/28-9-17<br>3772590 26-9-17 | 2,38,913 (ലോക ബാങ്ക്) | 1,11,087 (തനത്ഫണ്ട്) | 3,50,000 | സെക്രട്ടറിയുടെ 16/6/18 നം.കെ 3/111/17 കത്തിൽ തനത് ഫണ്ടിൽ അധികം വന്ന 42,835/-രൂപ പി.ഡബ്ള്യൂ.ഡി 229/18 പദ്ധതിയിൽ ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. |
| പുതിയ പഞ്ചായത്ത് കോൺഫറൻസ് ഹാൾ വയറിംഗ് (229/18) | 39/31-3-18 5465728/ 24-3-18 | 95,987 | 1,04,013 | 2,00,000 | സെക്രട്ടറിയുടെ 16/6/18 നം.കെ 3/111/17 കത്തിൽ തനത് ഫണ്ടിൽ അധികം വന്ന 42,835/-രൂപയിൽ 25,345/- രൂപ ഈ പദ്ധതിയിൽ ഉപയോഗിച്ച. |

ഓഡിറ്റ് എൻക്വയറി-18/1-2-19

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതംനൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2017/18 | 1,06,250 | 002/18 നെൽക്കൃഷി വികസനം | 1,06,250 | ഇല്ല |
| ബ്ലോക്ക്പഞ്ചായത്ത് | 2017/18 | 1,00,000 | 017/18 ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 1,00,000 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2017/18 | 2,00,000 | 127/18 പാലിന് സബ്സിഡി | 2,00,000 | ഇല്ല |
| ബ്ലോക്ക്പഞ്ചായത്ത് | 2017/18 | 1,00,000 | 087/18 പാലിയേറ്റീവ് കെയർ | 95,486 | 4,514 |
| ബ്ലോക്ക്പഞ്ചായത്ത് | 2017/18 | 1,12,080 | 212/18 പാലിയേറ്റീവ് കെയർ(SO) | - | 1,12,080 |
| ജില്ല പഞ്ചായത്ത് | 2017/18 | 2,97,500 | 002/18 നെൽക്കൃഷി വികസനം | 2,97,500 | ഇല്ല |
| ജില്ല പഞ്ചായത്ത് | 2017/18 | 5,00,000 | 010/18 അനുപൂരക പോഷകാഹാര പദ്ധതി(SCP) | 5,00,000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2017/18 | 99,000 | 017/18 ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 99,000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2017/18 | 1,50,000 | കുറ്ററ അംഗൻവാടി നിർമ്മാണം | 1,50,000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2017/18 | 1,00,000 | 218/19 പെരുംകുളം അംഗൻ വാടി നിർമ്മാണം | 1,00,000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2017/18 | 2,86,100 | 127/18 പാലിന് സബ്സിഡി | 2,86,000 | 100 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | 101/18 സ്ട്രീറ്റ്മെയിൻ എക്സ്റ്റൻഷൻ | 21701342, 12/318 | 4,99,275 | - | 4,99,275 |
| പി.ഡബ്ള്യ.ഡി. ഇലക്ട്രിക്കൽ വിംഗ് | 147/18 പുതിയ പഞ്ചായത്ത് ഓഫീസ് | 21701214, 25/9/17<br>21700584, | 3,50,000 | 2,38,913 | 1,11,087 |

| | | | | | |
|---|---|---|---|---|---|
| | ഒന്നാംനില വയറിംഗ് | 26/9/17 | | | |
| പി.ഡബ്ള്യൂ.ഡി .ഇലക്ട്രിക്കൽ വിംഗ് | 229/18 പുതിയ പഞ്ചായത്ത് കോൺഫറൻസ് ഹാൾ വയറിംഗ് | 21701137, 24/3/18 | 1,04,013 | - | 1,04,013 |
| കെ.എസ് .ഇ.ബി. | 207/18 സ്ട്രീറ്റ്മെയിൻ എക്സ്റ്റൻഷൻ | 21701212, 23/9/17<br>21701330, 12/3/18 21701370, 22/3/18 | 6,47,821 | - | 6,47,821 |
| കെ.എസ്.ഇ.ബി. | സങ്കേതങ്ങളിൽ വാട്ടർലൈൻ എക്സ്റ്റൻഷൻ | 21701213, 23/9/17<br>21701371, 22/3/18<br>21701240, 21/12/17 | 1,90,00,000 | - | 1,90,00,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5,000/-രൂപ |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 5,000/-രൂപ |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5,000/-രൂപ |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കെ.ഡി.സി.ബി.പുത്തൂർ | | | 5,000/-രൂപ | രേഖകൾ |

| | | | | | |
|---|---|---|---|---|---|
| | | | | | ഇല്ല |
| ആകെ | | | | 5,000/-രൂപ | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,350/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും,ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 1991-92 & 1992-93 | 35 | 113 | ഈശ്വരി അമ്മ എക്സി.ഓഫീസർ | 117050106694 20.02.2018 |
| 1991-92 & 1992-93 | 36 | 109 | ഈശ്വരി അമ്മ എക്സി.ഓഫീസർ | 117050106695 20.02.2018 |
| 1991-92 & 1992-93 | 37 | 223 | ഈശ്വരി അമ്മ എക്സി.ഓഫീസർ | 117050106696 20.02.2018 |
| 1991-92 1992-93 | 31 | 90 | ഈശ്വരി അമ്മ എക്സി.ഓഫീസർ | 117050106690 20.02.2018 |
| 1991-92 1992-93 | 32 | 118 | ഈശ്വരി അമ്മ എക്സി.ഓഫീസർ | 117050106692 20.02.2018 |
| 1991-92 1992-93 | 34 | 223 | ഈശ്വരി അമ്മ എക്സി.ഓഫീസർ | 117050106693 20.02.2018 |
| 1991-92 1992-93 | 4 | 49 | വർഗ്ഗീസ്,ചെറുവള്ളൂർ പുത്തൻ വീട് | 117050106738 21.02.2018 |
| 1991-92 1992-93 | 4 | 49 | രവീന്ദ്രൻ,ശ്രീരാജ് ഭവൻ | 117050106739 21.02.2018 |
| 1996-97 | 28 | 154 | സുധാകരൻ, മുൻ ജെ.എസ് | 117050106698 20.02.2018 |
| 1996-97 | 29(ബി) | 40 | സുബ്രഹ്മണ്യൻ യു.ഡി.സി | 117050106699 20.02.2018 |
| 1996-97 | 29(സി) | 56 | കൊച്ചുചെറുക്കൻ പ്യൂൺ | 117050106700 20.02.2018 |
| 1996-97 | 29(ഡി) | 45 | കരുണാകരൻപിള്ള | 117050106701 20.02.2018 |
| 1996-97 | 45 | 49 | എക്സി.ഓഫീസർ കുളക്കട | 117050106702 20.02.2018 |
| 2010-11 | 2(1) | 22 | ദിലീപ്,ഓഫീസ് | 117050101891 |

| | | | | |
|---|---|---|---|---|
| | | | അറ്റൻഡൻൻറ് | 17.08.2017 |
| 2010-11 | 2(1) | 10 | കെ.സജീവ്,ക്ലർക്ക് | 117050101892 17.08.2017 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃറിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2010-11 | 3.9 | 2012-13 | 4.1.1 | പട്ടികജാതി സർവ്വീസ്സഹകരണ സൊസൈറ്റിയ്ക്ക്പേപ്പർ ബാഗ് നിർമ്മാണം | നിലവിൽഈസ്ഥാപനം അഡ്മിനിസ്ട്രേറ്റർ ഭരണത്തിലായതിനാൽ യൂണിറ്റ് പ്രവർത്തന സജ്ജമാക്കുന്നതിന് കത്ത് നല്കിയിട്ടുണ്ട് |
| 2015-16 | 3.2 | 2016-17 | 4.3.1.(1) | പുത്തൂർ മാർക്കറ്റ് നവീകരണവും, ഓപ്പൺ സ്റ്റാളും | നിലവിലെ സ്ഥിതി ലഭ്യമല്ല |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 11,44,66,013/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 9,99,57,226/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1,250/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 2,59,600/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 58,78,631/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |

| | | | |
|---|---|---|---|
| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | |
| 2-5 | 1,250/- | - | എം.മുരളീധരൻ,സെക്രട്ടറി |
| 3-11 | - | 1,00,000/- | സരള.എൽ,ഹെഡ്മിസ്ട്രസ്സ് |
| 3-13 | - | 1,59,600/- | സരള.എൽ,ഹെഡ്മിസ്ട്രസ്സ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 83,050/- | ശ്രീ. എം.മുരളീധരൻ, സെക്രട്ടറി |
| 3-6 | 26,020/- | ശ്രീ. എം.മുരളീധരൻ, സെക്രട്ടറി |
| 3-8 | 25,47,821/- | ശ്രീ. സുരേഷ് കുമാർ.ആർ, അസി.സെക്രട്ടറി, |
| | 1,00,000/- | ശ്രീ. എം.മുരളീധരൻ, സെക്രട്ടറി |
| 3-9 | 1,99,928/- | ശ്രീമതി.സരള.എൽ, ഹെഡ്മിസ്ട്രസ്സ് |
| 3-10 | 7,600/- | ശ്രീമതി.സരള.എൽ, ഹെഡ്മിസ്ട്രസ്സ് |
| 3-12 | 42,550/- | ശ്രീമതി.സരള.എൽ, ഹെഡ്മിസ്ട്രസ്സ് |
| 3-14 | 6,80,000/- | ഡോ.ബിന്നിജോസഫ്, വെറ്റിനറി സർജൻ |
| 3-15 | 13,43,750/- | ഡോ.ബിന്നിജോസഫ്, വെറ്റിനറി സർജൻ |
| 3-16 | 8,47,912 | ശ്രീ.എം.മുരളീധരൻ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്നസമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരംമേൽവിലാസം |
|---|---|---|
| എം.മുരളീധരൻ, സെക്രട്ടറി | വിരമിച്ചു | മാധവം , ഇ.റ്റി.സി.പി.ഒ., അമ്പലപ്പുറം പി.ഒ. കൊട്ടാരക്കര |
| സരള.എൽ, ഹെഡ്മിസ്ട്രസ്സ് | ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്സ്, പൂവറ്റൂർ | ആരതി, പൂവറ്റൂർ കിഴക്ക്, കലയപുരം പി.ഒ. |
| സുരേഷ്കുമാർ.ആർ, അസി.സെക്രട്ടറി, | സെക്രട്ടറി, വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് | കടുവാങ്കൽവീട്, കുര പി.ഒ.,തലവൂർ, പത്തനാപുരം |
| ഡോ.ബിന്നി ജോസഫ്, വെറ്റിനറിസർജൻ | വെറ്റിനറി സർജൻ, കുളക്കട ഗ്രാമപഞ്ചായത്ത് | പ്ലാവിളയിൽ, ഏറത്ത് കുളക്കട, കുളക്കട പി.ഒ. |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | കെ.എസ്.എ – കെ .എൽ .എം./പി 11/399(3)/2018 തീയതി, 23/2/18 |
| 1996-97 | കെ .എസ്.എ – കെ.എൽ .എം./പി 11/399(4)/2018 തീയതി, 23/2/18 |
| 1998-99 | എൽ.എഫ്.ക്യൂ./ പി.3 / 1363/14 തീയതി, 24.06.2014 |
| 1999-00 | എൽ.എഫ്.ക്യൂ. /പി.3 / 1363/14തീയതി, 24.06.2014 |
| 2000-01 | എൽ.എഫ്.ക്യൂ. /പി.3 / 1363/14 തീയതി, 24.06.2014 |
| 2001-02 | എൽ.എഫ്.ക്യൂ./ പി.3 / 1363/14തീയതി, 24.06.2014 |
| 2002-03 | എൽ.എഫ്.ക്യൂ. /പി.3 / 1363/14 തീയതി, 24.06.2014 |
| 2003-04 | എൽ.എഫ്.ക്യൂ. /പി.3 / 1363/14 തീയതി, 24.06.2014 |
| 2004-05 | എൽ.എഫ്.ക്യൂ. /പി.3 / 1363/14 തീയതി, 24.06.2014 |

| | |
|---|---|
| 2005-06 | എൽ.എഫ്.ക്യൂ. /പി.3 / 1363/14 തീയതി, 24.06.2014 |
| 2006-07 | എൽ.എഫ്.ക്യൂ. /പി.3 / 1363/14 തീയതി, 24.06.2014 |
| 2007-08 | എൽ.എഫ്.ക്യൂ. /പി.3 / 1363/14 തീയതി, 24.06.2014 |
| 2008-09 | എൽ.എഫ്.ക്യൂ. /പി.3 / 1363/14 തീയതി, 24.06.2014 |
| 2009-10 | എൽ.എഫ്.ക്യൂ. /പി.3 / 1363/14 തീയതി, 24.06.2014 |
| 2010-11 | എൽ.എഫ്.ക്യൂ./പി.3 / 1363/14 തീയതി, 24.06.2014 |
| 2011-12 | എൽ.എഫ്.ക്യൂ./പി.3 / 2062/13 തീയതി, 15.02.2014 |
| 2012-03 | എൽ.എഫ്.ക്യൂ./പി.3/ 2062/13 തീയതി, 15.02.2014 |
| 2013-14&2014-15 | കെ .എസ .എ – കെ .എൽ .എം./പി 3/850/2016 തീയതി, 02/06/2016 |
| 2015-16 | കെ.എസ്.എ – കെ.എൽ .എം./പി 8/1755/2016 തീയതി, 27/12/2016 |
| 2017-18 | കെ .എസ് .എ – കെ .എൽ .എം./പി11/1959/2017 തീയതി, 22/12/17 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം 2017-18

കെ.എസ്.എ-കെ.എൽ.എം-പി11/221/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
പഴയ മുനിസിപ്പൽ ബിൽഡിംഗ്,
ചിന്നക്കട, കൊല്ലം.
പിൻ - 691 001, Ph: 0474 – 2740141

E-mail: doklm.ksad@kerala.gov.in
തീയതി: 12/4/2019

ഓഡിറ്റ് സാക്ഷ്യപത്രം 2017-18

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

## അനുബന്ധം-2

അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം.